# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ഗുരുവായൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – **680020**

ഇ-മെയിൽ: **dotsr.ksad@kerala.gov.in**
ഫോൺ : **0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(എം2)155/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2025
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഗുരുവായൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : ഗുരുവായൂർ മു**ൻ**സിപ്പാലിറ്റിയുടെ **2023-2024** സാമ്പത്തിക വ**ർ**ഷത്തെ ഓഡിറ്റ് റിപ്പോ**ർ**ട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇമെയിൽ മുഖേന)
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം2)155/2025 തീയ്യതി: 31/03/2025

## തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-01-2024 മുതൽ 19-01-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | ജോയിന്റ് ഡയറക്ടർ | 20-01-2025 | 31-01-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-01-2025 | 31-01-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മീര ടി.(ഓഡിറ്റ് ഓഫീസർ)

പ്രശാന്ത് ടി.ജി.(ഓഡിറ്റ് ഓഫീസർ)

ജോമോൻ.ഇ.കെ.(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

സുധ ഇ.എൻ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

സുമ വി.കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ബിന്ദു സി.വി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
സ്വാലിഹ് സി.പി. (ഓഡിറ്റർ)
സഫന എൻ.എസ് (ഓഡിറ്റർ)
ഷീഗ സി.കെ. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം. കൃഷ്ണദാസ് | ചെയർമാൻ | 01-04-2023 | 31-03-2024 |
| ബീന എസ്. കുമാർ | സെക്രട്ടറി | 01-04-2023 | 05-07-2023 |
| അഭിലാഷ് കുമാർ എച്ച്. | സെക്രട്ടറി | 06-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശശീന്ദ്ര എസ്. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ടോണി സി. എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ (പൂക്കോട് സോണൽ) | 01-04-2023 | 10-08-2023 |
| സനൽ വി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 11-08-2023 | 31-03-2024 |
| ജിജോ ടി ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ലീല ഇ. | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ഡോ. അഷറഫ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| സീന പി. | പ്രിൻസിപ്പൽ, ജി. എച്ച്. എസ്. എസ്., ചാവക്കാട് | 01-04-2023 | 31-03-2024 |
| ലീജ സി. പി. | പ്രധാന അദ്ധ്യാപിക, ജി. എച്ച്. എസ്., ചാവക്കാട് | 01-04-2023 | 31-03-2024 |
| സജിദ ടി. കെ. | ഹെഡ്മാസ്റ്റർ, ജി. യു. പി. എസ്., ഗുരുവായൂർ | 01-04-2023 | 31-03-2024 |
| ബിന്നിമോൻ വി. സി. | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഷീജ പി. ജെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| രാധാമണി എം. എൻ. | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 26-04-2023 |

| | | | |
|---|---|---|---|
| അഞ്ജിത അശോക് | പട്ടികജാതി വികസന ഓഫീസർ | 27-04-2023 | 31-03-2024 |
| ജിഫിജോയ് | പ്രൊജക്റ്റ് ഓഫീസർ | 01-04-2023 | 31-03-2024 |
| ഷജിൽകുമാർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2023 | 12-07-2023 |
| ലക്ഷ്മണൻ കെ. എസ്. | ഹെൽത്ത് സൂപ്പർവൈസർ | 13-07-2023 | 31-03-2024 |
| ഡോ. മഹാലിംഗേശ്വര ജെ . | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 18-08-2023 |
| ഡോ. സുചിത്ര | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 19-08-2023 | 31-03-2024 |
| ഡോ. റോസ്‌ലിൻ എൻ. എസ്. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ പിഴവ് -സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സുലേഖ പത്രിക പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല | 1-1-5 |
| 7 | ബാലൻസ് ഷീറ്റ് സംബന്ധിച്ച അപാകങ്ങൾ | 1-1-6 |
| 8 | വരവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-7 |
| 9 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-8 |
| 10 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ | 1-1-9 |
| 11 | ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-11 |
| 13 | മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-12 |
| 14 | ഡെഫ് അക്കൗണ്ടുകളിലെ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-1-13 |
| 15 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ഫണ്ട് വിനിയോഗം | 1-3 |
| 18 | പദ്ധതി അവലോകനം | 1-4 |
| 19 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-5 |
| 20 | ക്ഷേമ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വരവ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും | 1-9 |
| 24 | റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു | 1-10 |

| | | |
|---|---|---|
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-11 |
| 26 | ജീവനക്കാരുടെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല | 1-12 |
| 27 | വ്യാപാരസ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-13 |
| 28 | വാടക - അപാകങ്ങൾ | 1-14 |
| 29 | വാടകയിനത്തിൽ വരുമാന നഷ്ടം | 1-15 |
| 30 | മുനിസിപ്പൽ റെസ്റ്റ് ഹൗസ് കെട്ടിടം - നരഗസഭയ്ക്ക് വരുമാനം ലഭിക്കുന്നില്ല | 1-16 |
| 31 | മാനവൽ രസ്തീതി ബുക്കുകൾ എഴുതുന്നതിലെ അപാകത | 1-17 |
| 32 | പരിഷ്കരിച്ച വസ്തു നികുതി നിരക്ക് പൂർണ്ണമായി പ്രാബല്യത്തിൽ വരുത്തിയിട്ടില്ല | 1-18 |
| 33 | ഗുരുവായൂർ ദേവസ്വം കെട്ടിടങ്ങൾ -വസ്തു നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-19 |
| 34 | അനധികൃത നിർമ്മാണങ്ങളിൽ നിന്നും കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കേണ്ടതാണ് | 1-20 |
| 35 | ടർഫുകളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ് | 1-21 |
| 36 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ് | 1-22 |
| 37 | സെൻട്രലൈസ്ഡ് AC സംവിധാനം ഉള്ള കെട്ടിടങ്ങൾക്ക് 10 % നികുതി വർദ്ധനവ് വരുത്തിയിട്ടില്ല | 1-23 |
| 38 | ഗുരുവായൂർ ദേവസ്വം ഭൂമി തരം മാറ്റാതെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകി | 1-24 |
| 39 | വിനോദ നികുതിയുടെ കൂടെ അടവാക്കേണ്ട സെസ്സ് ഈടാക്കിയിട്ടില്ല | 1-25 |
| 40 | ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവുകൾ സമയബന്ധിതമായി മുനിസിപ്പൽ ഫണ്ടിൽ അടവാക്കുന്നില്ല | 1-26 |
| 41 | പൂക്കോട് മൃഗാശുപത്രി അറ്റകുറ്റപ്പണികൾ - ഇരുമ്പ് ഉരുപ്പടികൾ ലേലം ചെയ്യേണ്ടതാണ് | 1-27 |
| 42 | പി.എം.എ.വൈ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-28 |
| 43 | ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-29 |
| 44 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല | 1-30 |
| 45 | ലീഗൽ ചാർജ്ജസ്-സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-31 |
| 46 | വെള്ളക്കരം-സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം | 1-32 |
| 47 | വാഹനപരിപാലനം അപാകതകൾ | 1-33 |
| 48 | ഗുരുവായൂർ ദേവസ്വം മാലിന്യ ശേഖരണ ഫീസിനത്തിലും അംശദായമിനത്തിലും വൻതുക അടവാക്കാൻ അവശേഷിക്കുന്നു | 1-34 |
| 49 | ലൈബ്രറിയുടെ പ്രവർത്തനം വിപുലപെടുത്തണം | 1-35 |

| | | |
|---|---|---|
| 50 | കോവിഡ് പരിരക്ഷാ ഉപകരണങ്ങളുടെ പുനരുപയോഗം-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-36 |
| 51 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്, ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ-പ്രവൃത്തി പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-37 |
| 52 | നഗര സഭയുടെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-38 |
| 53 | കരാർ വെച്ച പ്രവൃത്തി ആരംഭിച്ചിട്ടില്ല-തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് | 1-39 |
| 54 | അഗതി മന്ദിരം നിർമ്മാണം-പ്രവൃത്തി പൂർത്തീകരിച്ച് ഉപയോഗക്ഷമമാക്കേണ്ടതാണ് | 1-40 |
| 55 | അമൃത് പദ്ധതി-സർക്കാർ ഉത്തരവനുസരിച്ച് വികസനഫണ്ടിൽ നിന്നും തുക തിരിച്ചടവാക്കുന്നില്ല | 1-41 |
| 56 | മൾട്ടി ലെവൽ കാർ പാർക്കിംഗ് ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-42 |
| 57 | അമൃത് പദ്ധതി അവലോകനം | 1-43 |
| 58 | മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂർ-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - 190000 രൂപ തടസ്സപ്പെടുത്തുന്നു | 1-44 |
| 59 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-45 |
| 60 | കറവ പശുക്കൾക്ക് കാലിത്തീറ്റ-കുടുംബശ്രീ മുഖേന വിതരണം നടത്തി | 1-46 |
| 61 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല - 22000 രൂപ തടസ്സപ്പെടുത്തുന്നു | 1-47 |
| 62 | സെൻട്രൽ ഷെയറിന്റെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല | 1-48 |
| 63 | പഠനമുറി പൂർത്തീകരിച്ചിട്ടില്ല | 1-49 |
| 64 | പട്ടികജാതി വികസന ഓഫീസിലേക്ക് സ്റ്റേഷനറി വാങ്ങിയതിലെ അപാകങ്ങൾ | 1-50 |
| 65 | NULM ഫണ്ട്-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-51 |
| 66 | നഗര ഉപജീവന കേന്ദ്രം (City Livelihood Center- CLC)- മാതൃകാപരം | 1-52 |
| 67 | മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-53 |
| 68 | ധനകാര്യ കമ്മിഷൻ ഗ്രാന്റിനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ച അലോട്ട്മെന്റ് തുക വാർഷിക കണക്കിൽ വരവ് വെക്കുകയോ ബാങ്കിൽ ക്രെഡിറ്റ് ആവുകയോ ചെയ്തിട്ടില്ല | 1-54 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.07.2024 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 04.11.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ

അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി :

ജോയിന്റ് ഡയറക്ടർ

## 1-1-1 കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ നിലവിൽ വരുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുക എന്നതാണ് ലക്ഷ്യം. കേരളത്തിലെ എല്ലാ മുൻസിപ്പൽ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലുമാണ് ആദ്യ ഘട്ടത്തിൽ കെ-സ്മാർട്ട് വിന്യസിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുകയാണ് കെ-സ്മാർട്ടിലൂടെ. ഇത്തരത്തിൽ സമ്പൂർണ ഓൺലൈൻ സംവിധാനങ്ങളിലേക്ക് മാറുന്ന സാഹചര്യത്തിൽ നഗരസഭയുടെ വരവ് ചെലവ് ഇനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ നിർബന്ധിത ഘടകമാണ്. 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസം മാത്രമാണ് കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വന്നത്. ഈ കാലയളവിലെ കണക്ക് വിവരങ്ങൾ സാംഖ്യ സോഫ്റ്റ്വെയറിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക സാംഖ്യ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയതിനാൽ ഓഡിറ്റിനു ലഭ്യമാക്കിയ 2023-24 വർഷത്തെ വാർഷിക കണക്കിൽ ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) കേരള മുനിസിപ്പിലാറ്റി നിയമത്തിലും ചട്ടങ്ങളിലും നിർവചിച്ചിട്ടുള്ള വിവിധ ഫോമുകളുടേയും രജിസ്റ്ററുകളുടേയും മാതൃകയിൽ മാറ്റം വരുത്തി കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

2) കെ-സ്മാർട്ടിൽ നിന്നും 01/01/2024മുതൽ 31/03/2024വരെയുള്ള ഡാറ്റാ സാംഖ്യയിലേക്ക് പോർട്ട് ചെയ്താണ് 2023-24വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്.എന്നാൽ പോർട്ട് ചെയ്ത ഇടപാടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന യാതൊരു രേഖകളും/ടൂളുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 01/01/2024മുതൽ 31/03/2024വരെ കെ-സ്മാർട്ടിലൂടെ നടത്തിയിട്ടുള്ള മുഴുവൻ വരവ് ചെലവുകളും 2023-24വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3) സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിരുന്ന പല ഇനങ്ങൾക്കും കെ-സ്മാർട്ടിൽ ഹെഡുകൾ അനുവദിക്കപ്പെട്ടിട്ടില്ല.കൂടാതെ പല ഇനങ്ങളുടെയും സാംഖ്യ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ടും കെ-സ്മാർട്ടിലെ ഹെഡ് ഓഫ് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആയതിനാൽ 31.03.2024 അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ വാർഷിക കണക്കിൽ ആസ്തി, ബാധ്യതകളുടെ നിലയെ സംബന്ധിച്ചിടത്തോളം, സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്ന് കെ-സ്മാർട്ട് ആപ്ലിക്കേഷനിലേക്ക് മാറുന്നതിനിടയിൽ നേരിട്ട ഏകീകരണ വെല്ലുവിളികളുടെ അനിശ്ചിതത്വം ഉണ്ട്.

**1-1-2 വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ പിഴവ് -സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല**

ഓഡിറ്റിന് ലഭ്യമാക്കിയ സുലേഖ പത്രിക പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ ചെലവ് തുകയും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചെലവ് | | വ്യത്യാസം |
|---|---|---|---|---|
| | | ശീർഷകം | തുക | |
| വികസന ഫണ്ട്-ജനറൽ | 41316969 | 160100101 Development Fund - General | 13116024 | 246292 |
| | | 312100200-Capital Contribution Others | 28447237 | |
| വികസന ഫണ്ട്-എസ് സി പി | 9536024 | 160100102 Development Fund - Special Component Plan | 1615000 | 375000 |
| | | 312100200-Capital Contribution Others | 8296024 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 54443437 | 160109900 Other Revenue Grants | 48063435 (31,212,737(Tied)+ 16,850,698(Untied) | (-)6380002 |

മേൽ പരാമർശിച്ച ഫണ്ടുകളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ 320200111 Development Fund - CFC Grant Tied, 320200112 Development Fund - CFC Grant UnTied എന്നീ ശീർഷകങ്ങൾ പ്രകാരം സി.എഫ്.സി ഫണ്ട് ഉപയോഗിച്ചുള്ള പ്രൊജക്ടുകളുടെ ബാങ്ക് മുഖേനയുള്ള ചെലവുകൾ യഥാക്രമം 31,212,737, 16,850,698 രൂപയാണ്. മേൽ ചെലവ് തുകകൾക്ക് തുല്യമായ തുക I-6 ലെ സി.എഫ്.സി ഗ്രാന്റുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം 160109900-Other Revenue Grants എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. മേൽ അപാകങ്ങൾ 2023-24 വർഷത്തെ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്/ചെലവ് കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കാതിരിക്കുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കാനും കാരണമാകുന്നു. 2024-25 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ 2023-24 വർഷത്തെ യഥാർത്ഥ ചെലവ് കണ്ടെത്തി വ്യത്യാസം വരുന്ന തുക “Prior Period Item” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

**1-1-3 സുലേഖ പത്രിക പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല**

**A)** സുലേഖ പത്രിക പ്രകാരമുള്ള ചെലവിനേക്കാ**ൾ** അധികം തുക വാ**ർ**ഷിക കണക്കി **ൽ** ചെലവായി രേഖപ്പെടുത്തി.

പി.എഫ്.എം.എസ് മുഖേന ചെലവുകൾ നടത്തിയ പദ്ധതികൾക്ക് സുലേഖ പത്രിക പ്രകാരം ചെലവഴിച്ച തുകയേക്കാൾ കൂടുതൽ തുക വാർഷിക കണക്കിൽ ചെലവായി രേഖപ്പെടുത്തി. ഓരോ പദ്ധതിക്കും ചെലവാകുന്ന തുകക്ക് ചെലവാകുന്ന സമയത്തു തന്നെ ജേർണൽ വൗച്ചർ, പേയ്മെന്റ് വൗച്ചർ എന്നിവ രേഖപ്പെടുത്തുകയും തത്തുല്യമായ തുക ബാധകമായ ഗ്രാന്റിന്റെ ബാധ്യത ശീർഷകത്തിൽ നിന്ന് വരവായി ക്രമീകരിക്കുകയും തുക ചെലവായതിന്റെ വിവരങ്ങൾ സുലേഖ പത്രികയിൽ രേഖപ്പെടുത്തുകയുമാണ് യഥാർത്ഥത്തിൽ പാലിക്കേണ്ട നടപടിക്രമം. എന്നാൽ സ്ഥാപനത്തിൽ പി എഫ് എം എസ് മുഖേന പദ്ധതികളിലെ ചെലവുകൾ നടത്തുമ്പോൾ പേയ്മെന്റ് വൗച്ചർ രേഖപ്പെടുത്തുകയും ബാങ്കിൽ നിന്ന് പണം പിൻവലിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും സുലേഖയിൽ ചെലവ് രേഖപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ നമ്പർ, പേര് | പേയ്മെന്റ് വൗച്ചർ പ്രകാരം പി.എഫ്.എം.എസ് മുഖേന ചെലവഴിച്ച തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | പദ്ധതികളുടെ ചെലവിനായി ബാങ്കിൽ നിന്ന് പിൻവലിക്കപ്പെട്ട തുക | സുലേഖ പത്രിക പ്രകാരം ധന കാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്ന് പദ്ധതിക്കായി ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 75/24 കായിക അധ്യാപകനിയമനം | 25000 | 210500100 Remuneration | 25000 (450630500 Kerala Bank (CFC GRANT)- A/C No 147512801001047) | 0 |
| 2 | 44,43/24 പി.എം.എ.വൈ | 29360000 | 250401205.Implement Sanitation Pogrammes, 250400702.Implementing Housing Programmes | 29360000 (450620500 ICICI (PMAY)- A/C No-075501002327) | 0 |

**B)** തനത് ഫണ്ട് – സുലേഖ പത്രിക പ്രകാരം ചെലവ് രേഖപ്പെടുത്താത്ത പദ്ധതിക്ക് വാ**ർ** ഷിക കണക്കി**ൽ** ചെലവ് രേഖപ്പെടുത്തി**.**

തനത് ഫണ്ടിൽ നിന്നും 50000 രൂപ വകയിരുത്തി രൂപീകരിച്ച പ്രൊജക്റ്റ് നം. 75/24 കായിക അധ്യാപക നിയമനം എന്ന പ്രൊജക്റ്റിന് 2023-24 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവുകൾ ഇല്ല. എന്നാൽ 210100200-Wages എന്ന ശീർഷകത്തിൽ "G4 548319/24 Gups Temporary" എന്ന് കുറിപ്പ് രേഖപ്പെടുത്തി 38710 രൂപ ചെലവ് ബുക്ക് ചെയ്തിട്ടുണ്ട് (പേയ്മെന്റ് വൗച്ചർ നമ്പർ 22302453/20.03.24). മേൽ തുക 27.03.2024 ന് തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ (Canara-0838101044794) നിന്നും പിൻവലിക്കപ്പെട്ടിട്ടുമുണ്ട്.

**C)** വാ**ർ**ഷിക കണക്ക് പ്രകാരമുള്ള ചെലവ് വിവരങ്ങ**ൾ** സുലേഖയി**ൽ ഉൾ**പ്പെട്ടിട്ടില്ല**.**

2023-24 വർഷത്തിൽ ഗുരുവായൂർ നഗരസഭയിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് വിവരങ്ങൾ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 484/24 എം സി എഫ് നിർമാണം (ചെലവ് : 3124882 രൂപ ചെലവ് ശീർഷകം : 230590100 Repairs & Maintenance - Machinery), 482/24 നഗരസഭയിലെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ചെലവ് : 3500000 രൂപ പേയ്മെന്റ് വൗച്ചർ: 22302708/31.3.2024) എന്നീ പദ്ധതികൾ നഗരസഞ്ചയ ഫണ്ടുപയോഗിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികളുടെ ചെലവ് വിവരങ്ങൾ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2. 15/24 അനുപൂരക പോഷകാഹാരം എന്ന പദ്ധതിയുടെ കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച ചെലവ് നടത്തിയ 105388 രൂപയുടെ (പേയ്മെന്റ് വൗച്ചർ: 22302741/31.3.20247) ചെലവ് വിവരങ്ങൾ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 31, 32/28.01.2025)

## 1-1-4 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410900 | Canara Bank Regular Pension-0838101046068 | 347,328 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുക 2024-25 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## 1-1-5 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 6,06,000 രൂപയുടെ നിക്ഷേപം കാണുന്നു. ആയതിൽ 5,00,000 രൂപ ഇക്വിറ്റി ഷെയർ നിക്ഷേപമാണെന്നാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള നിക്ഷേപത്തിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## 1-1-6 ബാലൻസ് ഷീറ്റ് സംബന്ധിച്ച അപാകങ്ങൾ

### A) പ്രൊവിഷൻ രേഖപെടുത്തിയതിലെ അപാകം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-21, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ ഐ-16 എന്നിവ പ്രകാരം, നികുതി നികുതിയേതര ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2024 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. | ശീർഷകം | 2023-24 ൽ | 31/3/2024 ലെ |
|---|---|---|---|

| നമ്പർ | | പ്രൊവിഷനായി രേഖപ്പെടുത്തിയ തുക (I & E ഷെഡ്യൂൾ I-16 പ്രകാരം) | അക്യുമുലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 432100100 - Provision For Outstanding Property Taxes | 1503862 | 11441241 |
| 2. | 432120100 – Provision For Outstanding Profession Tax - Institutions/Professionals/ Traders | 369135 | 809484 |
| 3. | 432120200 – Provision For Outstanding Advertisement Tax | - | 5000 |
| 4. | 432300201 – Provision For Outstanding License Fees | 189 | 45194 |
| 5. | 432400101 – Provision For Outstanding Rent Receivable From Civic Amenities | 101964 | 5402087 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**B) Capital Contribution രേഖപ്പെടുത്തിയതിലെ അപാകങ്ങൾ**

മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല (ഉദാ: പ്രോജക്ട് നമ്പർ 392–പെരുവഴിത്തോട് റോഡ് ബാക്കി ഭാഗം കാന നിർമാണം എന്ന പദ്ധതിക്കായി വൗച്ചർ നമ്പർ 42300093/23.8.2023 പ്രകാരം 410310200 Drainage എന്ന ശീർഷകത്തിൽ 406036 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല). ആയത് 2023-24 വർഷത്തെ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്/ചെലവ് കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കാതിരിക്കുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കാനും കാരണമാകുന്നു. 2024-25 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ 2023-24 വർഷത്തിൽ സി.എഫ്.സി ഫണ്ട് ഉപയോഗിച്ചുള്ള ചെലവുകളിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകകൾ കണ്ടെത്തി പ്രസ്തുത ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക പ്രസ്തുത തുക വരവ് വെച്ച "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## 1-1-7 വരവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

A) 123010103663/2.6.2023 നമ്പർ രസീത് മുഖേന കാർ ലേല ഇനത്തിൽ ലഭ്യമായ 75350 രൂപ 150120300 Receipts From Auction Of Obsolete Assets എന്ന ശീർഷകത്തിൽ വരവ് വെക്കുന്നതിനു പകരം 340200200 Auction Deposit എന്ന ശീർഷകത്തിൽ വരവ് വെച്ചു.

B) 123010500172/15.12.2023 നമ്പർ രസീത് മുഖേന പഴയ ബസ് സ്റ്റാൻഡ് പൊളിക്കൽ ലേല ഇനത്തിൽ ലഭ്യമായ 1052000 രൂപ 150120300 Receipts From Auction Of Obsolete Assets എന്ന ശീർഷകത്തിൽ വരവ് വെക്കുന്നതിനു പകരം 340200200 Auction Deposit എന്ന ശീർഷകത്തിൽ വരവ് വെച്ചു.

2024-25 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ മേൽ പരാമർശിച്ച തുകകൾ Prior Period Item ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## 1-1-8 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

A. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല .

2023-24ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ നഗരസഭയിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ/രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110010100-Property Tax(General) | 42300534/1.4.2023 | 63851295 |
| 140110100-Licence Fees For Dangerous And Offensive Trades | 42300563/1.4.2023 | 2859200 |
| 110100100-Profession Tax- Institutions/ Professionals/Traders | 42300556/1.4.2023 | 3710000 |
| 130100800 – Rent From Shopping Complex | 42300536/1.4.2023 | 8263086 |
| | 42300598/1.4.2023 | 514631 |
| 130400100- Rent From Lease Of Lands | 42300599/1.4.2023 | 3204621 |
| | 42300911/1.4.2023 | 556383 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

B. ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല .

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## 1-1-9 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ

A. താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക്-ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2024 ലെ റീകൺസിലിയേഷൻ പത്രികയിൽ ഈ തുക "Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് നഗരസഭയുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, നഗരസഭയുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് വർഷങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2023-24 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | തിയ്യതി | തുക |
|---|---|---|
| PNB 26441 (450620100) | 24.07.2021 | 82993 |

B. PNB 26441 (450620100) എന്ന ബാങ്ക് അക്കൗണ്ടിന്റെ 2024 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 2176 രൂപ “Cheques Deposited But Not Collected” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു വർഷമായിട്ടും പ്രസ്തുത ചെക്കിലെ തുക ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

C. ഓഡിറ്റിന് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 450230100 Thrissur District Co-Operative Bank-TDCB 27 എന്ന അക്കൗണ്ട് 30.6.2022 തീയതിയിൽ ക്ലോസ് ചെയ്യുകയും അക്കൗണ്ടിൽ ഉണ്ടായിരുന്ന 56689 രൂപ തനത് ഫണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം 31.3.2024 തീയതിയിൽ പ്രസ്തുത അക്കൗണ്ടിൽ 56111 രൂപ നീക്കിയിരുപ്പുണ്ട്. 2024-25 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത ബാങ്കിലെ നീക്കിയിരുപ്പ് തുക കൃത്യമാക്കി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## 1-1-10 ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

A . വസ്തു നികുതി – വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല .

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. 1.1.2024 മുതൽ സ്ഥാപനത്തിൽ കെ സ്മാർട്ട് പ്രവർത്തനം ആരംഭിക്കുകയും "സാംഖ്യ", "സഞ്ചയ" എന്നീ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം അവസാനിക്കുകയും ചെയ്തു. "സഞ്ചയ" സോഫ്റ്റ്‌വെയറിലെയും കെ സ്മാർട്ടിലേയും വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിലേയും കെ സ്മാർട്ടിലേയും തുകകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**A.1 തൻവർഷം**

| | കളക്ഷൻ | ബാക്കി |
|---|---|---|
| ഡി.സി.ബി രജിസ്റ്റർ പ്രകാരം | 45333860 | 18517435 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 41821122 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | 22030122 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

**A.2 കുടിശ്ശിക**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡി.സി.ബി രജിസ്റ്റർ പ്രകാരം | 46097280 | 14182478 | 31914820 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 19857451 (2022-23 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | 14128452 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | 5728998 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

A.3. ലൈബ്രറി സെസ്, സർവീസ് സെസ്സ്, മുൻകൂർ ആയി ലഭിച്ച വസ്തു നികുതി എന്നിവയുടെ വിവരങ്ങൾ ഡി.സി.ബി. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

A.4. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2827467 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/ Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 27,97,479 രൂപയാണ്.

A.5. വസ്തുനികുതിയുടെ 10 ശതമാനം തുകയാണ് സർവീസ് സെസ്സ് ആയി നഗരസഭയിൽ ഈടാക്കുന്നത്. എന്നാൽ വാർഷിക കണക്കിൽ സർവീസ് സെസ്സ് ഇനത്തിൽ തൻ വർഷത്തെയും മുൻവർഷങ്ങളിലെയും ലഭിക്കാനുള്ള തുക തൻവർഷം ഡിമാന്റായി രേഖപ്പെടുത്തുകയും തത്തുല്യ തുക കളക്ഷൻ രേഖപ്പെടുത്തുകയും ചെയ്തതിനാൽ ബാലൻസ് ഷീറ്റ് B-15 പ്രകാരം സർവീസ് സെസ്സ് ഇനത്തിൽ തുക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

B. <u>രജിസ്റ്ററുകളിലെ രേഖപെടുത്തലുക**ൾ** വാ**ർ**ഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല</u> .

B.1 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നമ്പർ | വരുമാനം | മുൻകൂർ ശീർഷകം | 31/3/2024 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | മറ്റ് വരവുകൾ | 350419900 Advance Collection Of Revenues - Other Revenue | 620694 |
| 2 | ലൈസൻസ് | 350410301 Advance Collection Of Revenues - License Fees | 270000 |

B.2 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|
| 1 | വാടക (തൻവർഷം) | രജിസ്റ്റർ പ്രകാരം | 8777717 | 6651371 | 2126346 |
| | | വാർഷിക കണക്ക് പ്രകാരം | 8777717 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-3) | 7046099 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | 1714058 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |
| 2 | വാടക (കുടിശ്ശിക) | രജിസ്റ്റർ പ്രകാരം | 1413989 | 993533 | 420456 |
| | | വാർഷിക കണക്ക് | 6078446 (ഇൻകം & | 5670590 (റസീറ്റ് & | 407856 (ബാലൻസ് |

| | | | | |
|---|---|---|---|---|
| | പ്രകാരം | എക്സ് പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-3) | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | ഷീറ്റ് ഷെഡ്യൂൾ ബി-15) |

C. **വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ RP-3, RP-4, RP-5 ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ വാർഷിക കണക്കിൽ തുക രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## 1-1-11 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നം. 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## 1-1-12 മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

A. ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007ലെ കേരള മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് & ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്തിട്ടില്ല.

B. **രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.**

B.1. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ RP-27, B-7 എന്നീ ഹെഡ്ഡുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

B.2. അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. ആയതിനാൽ RP-41, B-18 എന്നീ ഷെഡ്യൂളുകളിലെ 460100800, 460400203, 460509909, 460600100, 460600300 എന്നീ ഹെഡ്ഡുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

B.3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 123459 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

B.4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

C. <u>തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.</u>
തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ രേഖകൾ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|
| വരവ് | 10725000 (RP-24 ഷെഡ്യൂളിലെ 320809900 എന്ന അക്കൗണ്ട് ഹെഡ് പ്രകാരം) | 13080000 |
| ചെലവ് | 10725000 (RP-14 ഷെഡ്യൂളിലെ 250200100 എന്ന അക്കൗണ്ട് ഹെഡ് പ്രകാരം) | 13083110 |

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## <u>1-1-13 ഡെഫ് അക്കൗണ്ടുകളിലെ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്</u>

ബാലൻസ് ഷീറ്റ് ബി -17 പ്രകാരമുള്ള ഗുരുവായൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിലെ നഗരസഭയുടെ 4374,3907 എന്നീ നമ്പർ ബാങ്ക് അക്കൗണ്ടുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഡെഫ് അക്കൗണ്ടായി മാറ്റിയതായി 8.7.2021-ൽ ബാങ്ക് മാനേജർ നഗരസഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. മേൽ അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന യഥാക്രമം നീക്കിയിരിപ്പ് തുകകളായ 49566.2, 36055 രൂപ തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

## <u>1-1-14 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല</u>

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള

മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58-(2) (എഫ്). (ഓഡിറ്റ് എൻക്വയറി നമ്പർ 31/28.01.2025)

**1-2 ബജറ്റ്**

| ബജറ്റ് | | | | |
|---|---|---|---|---|
| പാസ്സാക്കിയ തീയതി | 20/03/2023 | | | |
| കമ്മിറ്റി തീരുമാനം | 1 | | | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| | 155233144 | 2281836000 | 2399762900 | 37306244 |
| റിവൈസ്ഡ് ബജറ്റ് | | | | |
| പാസ്സാക്കിയ തീയതി | 09/02/2024 | | | |
| കമ്മിറ്റി തീരുമാനം | 1 | | | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| | 152873951 | 842263822 | 947859475 | 47278298 |

ബജറ്റിലെയും റിവൈസ്ഡ് ബജറ്റിലെയും മുന്നിരിപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നതിനു വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 47/31.01.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**1-3 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | 57293280# | 57872000 | 41316969 | 15976311* |
| വികസന ഫണ്ട് – എസ്. സി.പി. (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | 18534000 | 18534000 | 9536024 | 8997976* |

| | | | | | | |
|---|---|---|---|---|---|---|
| മെയിൻറനൻസ് റോഡ് – (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | | 24369350 | 24369350 | 13046135 | 11323215* |
| മെയിൻറനൻസ്, നോൺ - റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | | 12224600 | 12224600 | 12059395 | 165205* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | Basic | 622224 | 23107600 | 23729824 | 16850698 | 6879126 |
| | Tide | 0 | 35010418 | 35010418 | 31212737 | 3797681 |
| കെ. എൽ. എസ്. ജി. ഡി. പി | | Nil | Nil | Nil | Nil | Nil |
| സാക്ഷരത | | 19934 | 0 | 19934 | 19934 | 0 |
| ദുരിതാശ്വാസ നിധി | | 423392 | 10514 | 433906 | 170008 | 263898 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ( ഇനം തിരിച്ച്) | | | | | | |
| Health Grant Support | | 13504918 | 8222221 | 21727139 | 6953604 | 14773535 |
| UIDSSMT | | 19474265 | 570897 | 20045162 | 0 | 20045162 |
| Covid | | 3144 | 91 | 3235 | 0 | 3235 |

# 2022-23 വർഷത്തിൽ 90% നികുതി പിരിവ് സാധ്യമാക്കാത്തതിനാൽ സ.ഉ.(കൈ)നം.179/2022/ധന തീയതി 18-10-2022 ഉത്തരവനുസരിച്ച് പൊതുവിഭാഗം വികസന ഫണ്ട് അലോട്ട്മെന്റായ 57872000 രൂപയുടെ 1% (578720 രൂപ) കുറവ് ചെയ്ത തുകയാണ് തൻവർഷം ലഭിച്ചിട്ടുള്ളത്.

<u>കുറിപ്പ്:</u>

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള പ്രസ്തുത തുകകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് – ജനറൽ, വികസന ഫണ്ട് - എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളുടെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ

പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

3. പ്രത്യേക ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് സംബന്ധിച്ച് ഖണ്ഡിക 1-1-2 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

2023 -24 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 505 | 290182790 | 392 | 137605989 | 47.4 | 77.6 |

.

## 1-5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Canara Bank | 16283 | 13080000 | 13099393 | 13083110 | 16283 |
| Treassury | 3110 | | | | |
| 19393 | | | | | |

അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള മേൽ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് സംബന്ധിച്ച് ഖണ്ഡിക 1-1-12 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3521600 | 281 |
| വിധവാ പെൻഷൻ | 30947400 | 2865 |
| വാർദ്ധക്യകാല പെൻഷൻ | 70977300 | 6841 |
| വികലാംഗ പെൻഷൻ | 7525800 | 680 |
| 50 വയസ്സിനു മേൽ പ്രായമുള്ള | 2493600 | 235 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |
| മിശ്രവിവാഹങ്ങൾക്കു ധനസഹായം | 30000 | 1 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2025 തീയതിയിൽ 3.50PM ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 182569 രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വരവ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ നിലവിൽ വരുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുക എന്നതാണ് ലക്ഷ്യം. കേരളത്തിലെ എല്ലാ മുൻസിപ്പൽ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലുമാണ് ആദ്യ ഘട്ടത്തിൽ കെ-സ്മാർട്ട് വിന്യസിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുകയാണ് കെ-സ്മാർട്ടിലൂടെ. ഇത്തരത്തിൽ സമ്പൂർണ ഓൺലൈൻ സംവിധാനങ്ങളിലേക്ക് മാറുന്ന സാഹചര്യത്തിൽ പ്രാദേശിക നഗരസഭയുടെ വരവ് ചെലവ് ഇനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ നിർബന്ധിത ഘടകമാണ്. നഗരസഭയിൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ വരവിനങ്ങളുടെ പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) 01.01.2024 മുതലാണ് നഗരസഭയിൽ കെ-സ്മാർട്ട് സംവിധാനം നിലവിൽ വന്നത്. കെ-സ്മാർട്ട് സംവിധാനത്തിൽ കെ-സ്മാർട്ട് മുഖേന (ഇ പോസ് മെഷീനിലെ കെ-സ്മാർട്ട് ആപ്പ് മുഖേനയോ കെ-സ്മാർട്ട് വെബ്സൈറ്റ് മുഖേനയോ) ഓൺലൈൻ ആയി വരുന്ന വരവ് തുകകൾ ഇ-പേയ്മെന്റ് ഗേറ്റ് വേ സംവിധാനത്തിലൂടെയാണ് നഗരസഭയ്ക്ക് ലഭ്യമാകുന്നത്. ഒരു അപേക്ഷകൻ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ആനുപാതികമായുള്ള നഗരസഭ വരവ് തുകകൾ ഐ.കെ.എം.പൂൾ അക്കൗണ്ടിൽ ക്രെഡിറ്റാകുകയും 48 മണിക്കൂറിനുള്ളിൽ വരവ് തുക നഗരസഭയുടെ അക്കൗണ്ടിലേക്ക്

ട്രാൻസ്ഫർ ചെയ്യപ്പെടുകയും ചെയ്യുന്നതാണ് ഇ-പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനം. നഗരസഭയിലെ ഐ.കെ.എം പേയ്മെന്റ് ഗേറ്റ് വേ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന ട്രാൻസാക്ഷൻ റിപ്പോർട്ട്, ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ട് എന്നിവയും കെ-സ്മാർട്ടിൽ ലഭ്യമാവുന്ന ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നീ രേഖകളും തുക ക്രെഡിറ്റ് ആവുന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും ഒരേ സമയം പരിശോധിക്കുന്നതിലൂടെ മാത്രമേ വരവ് തുകകൾ കൃത്യമായി നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുകയുള്ളു. എന്നാൽ ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരമുള്ള മുഴുവൻ തുകകളും ട്രാൻസാക്ഷൻ റിപ്പോർട്ടിൽ ലഭ്യമാവുന്നുണ്ടെങ്കിലും പ്രസ്തുത തുകകൾ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നത് ക്രമരഹിതമായ രീതിയിലാണ്. അതായത് വ്യത്യസ്ത ദിവസങ്ങളിലോ ഒരേ ദിവസങ്ങളിലോ നടന്ന വിവിധ ഇടപാടുകളിലെ വ്യത്യസ്ത തുകകൾ യാതൊരു മാനദണ്ഡവുമില്ലാതെ വലിയ തുകകൾ ആക്കുകയും ഇത്തരത്തിൽ വലിയ തുകയാക്കി മാറ്റിയ തുകകൾ പിന്നീട് വീണ്ടും ക്രമരഹിതമായി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ തുകകളും നഗരസഭ അക്കൗണ്ടിലേക്ക് വന്നിട്ടുണ്ടോയെന്നു ഉറപ്പ് വരുത്തൽ വളരെയധികം സമയം ആവശ്യമുള്ള പ്രവൃത്തിയാണ്. 48 മണിക്കൂറിനുള്ളിൽ വരവ് തുക നഗരസഭയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ടെങ്കിലും പലപ്പോഴും ആഴ്ചകൾക്ക് ശേഷമാണ് തുകകൾ നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്നത്. കൂടാതെ ഐ.കെ.എം പേയ്മെന്റ് ഗേറ്റ് വേ സോഫ്റ്റ്‌വെയറിൽ നഗരസഭ സെക്രട്ടറിയുടെ ലോഗിൻ ഐഡിയിൽ നിന്ന് മാത്രമേ മേൽ പരാമർശിച്ച ട്രാൻസാക്ഷൻ റിപ്പോർട്ട്, ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ട് എന്നീ റിപ്പോർട്ടുകൾ ലഭ്യമാവുകയുള്ളു. പുതുതായി നിലവിൽ വന്ന ഓൺലൈൻ സംവിധാനത്തിൽ ഇ പോസ് മെഷീനിലെ കെ-സ്മാർട്ട് ആപ്പ് മുഖേനയോ കെ-സ്മാർട്ട് വെബ്സൈറ്റ് മുഖേനയോ ക്യാഷ് അല്ലാതെ ലഭ്യമാവുന്ന തുകകൾ നേരിട്ട് ബാങ്ക്ബുക്കിൽ രസീത് ചെയ്യപ്പെടുന്നതിനാലും ബാങ്ക് അക്കൗണ്ടുകളുമായുള്ള റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കാൻ സാധിക്കാത്തതിനാലും കണക്കുകളുടെ കൃത്യത എപ്രകാരമാണ് നഗരസഭയിൽ ഉറപ്പാക്കുന്നതെന്ന വിവരം ലഭ്യമല്ല. 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസം മാത്രമാണ് കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വന്നത്. ഈ കാലയളവിലെ കണക്ക് വിവരങ്ങൾ സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ 01.01.2024 മുതൽ 31.03.2024 തീയതി വരെ കെ-സ്മാർട്ട് മുഖേന വരവ് വന്ന തുകകൾ എല്ലാം തന്നെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനോ പ്രസ്തുത തുകകൾ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടെന്നു ഉറപ്പ് വരുത്തുന്നതിനോ യാതൊരു സംവിധാനവുമില്ല. കൂടാതെ നിലവി**ൽ** ഓഡിറ്റർമാർക്ക് നഗരസഭകളി**ൽ** നിന്നും ലഭ്യമാകുന്ന കെ-സ്മാ**ർ**ട്ട് ലോഗിനുകളി**ൽ** പ്രിവിലേജ് ഉ**ൾ**പ്പെടുത്തുന്നത് ഉ**ൾ**പ്പടെയുള്ള കാര്യങ്ങ**ൾ** നഗരസഭക**ൾ**ക്ക് തീരുമാനിക്കാവുന്ന തരത്തി **ൽ** ആയതിനാ**ൽ** ഓഡിറ്റ**ർ**ക്ക് ഓഡിറ്റ് പ്രക്രിയയി**ൽ** പൂ**ർ**ണ സ്വാതന്ത്ര്യമില്ല**.** മേ**ൽ** കാരണങ്ങളാ **ൽ** ഐ**.**കെ**.**എം പൂ**ൾ** അക്കൗണ്ടി**ൽ** വരുന്ന നഗരസഭ വരവ് തുകക**ൾ** കൃത്യമായി നഗരസഭ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടുണ്ടോ എന്ന് പരിശോധിക്കാ**ൻ** ഓഡിറ്റിന് സാധിച്ചിട്ടില്ല .

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് കട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള "സുഗമ" പോർട്ടലിൽ ലഭ്യമാകുന്ന

അപേക്ഷയിന്മേൽ കെ-സ്മാർട്ട് മുഖേനയാണ് നടപടികൾ സ്വീകരിക്കുന്നത്. എന്നാൽ "സുഗമ" പോർട്ടലിൽ ലഭിക്കുന്ന അപേക്ഷകളുടെ എല്ലാ വിവരങ്ങളും നിലവിൽ കെ-സ്മാർട്ട് പോർട്ടലിൽ ലഭിക്കുന്നില്ല. ആയതിനാലും "സുഗമ" പോർട്ടലിൽ വകുപ്പിനു ലോഗിൻ അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാലും "സുഗമ" പോർട്ടലിൽ ലഭ്യമാകുന്ന എല്ലാ അപേക്ഷയിന്മേലും നടപടി എടുത്തിട്ടുണ്ടോ എന്നതും റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ വരവ് വന്നിട്ടുള്ള തുകയുടെ ആധികാരികതയും ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3) കെ-സ്മാർട്ടിൽ ഇടപാടുകളുടെ പ്രതിദിന റിപ്പോർട്ടുകൾ മാത്രമാണ് ലഭിക്കുന്നത്.എന്നാൽ ഒരു നിശ്ചിത കാലയളവിലെ ഇടപാടുകളുടെ റിപ്പോർട്ടുകൾ ലഭിക്കുന്നില്ല.(ഉദാ: ഡേ ബുക്ക്,ചിട്ട)

4) ക്യാൻസൽഡ് രസീതിന്റെ റിപ്പോർട്ട് കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ആയത് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

5) കെ-സ്മാർട്ട് ഫിനാൻസ് മൊഡ്യൂളിൽ ലഭ്യമാകുന്ന ചെക്ക് റെസീവ്ഡ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ എന്നിവയിൽ 2024 ജനുവരി മുതലുള്ള എൻട്രികൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മേൽ രജിസ്റ്ററുകളിൽ, ചെക്ക് ബാങ്കിൽ ക്ലിയർ ചെയ്യപ്പെട്ട ദിനം രേഖപ്പെടുത്തുന്നതിന് പ്രൊവിഷൻ ഉണ്ടെങ്കിലും ആയത് രേഖപ്പെടുത്തിയിട്ടില്ല.

6) കെ-സ്മാർട്ട് രസീത് പരിശോധിച്ചതിൽ നിന്നും ഓരോ രസീതിനും പ്രത്യേകം സീരീസിലുള്ള രസീത് നമ്പറുകളും അതോടൊപ്പം ഒരു ക്യൂ.ആർ കോഡും പ്രത്യേകമായി നൽകുന്നുണ്ട്. ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുമ്പോൾ രസീതിലെ പേര്, രസീത് നമ്പർ, തിയ്യതി, തുക തുടങ്ങിയ വിവരങ്ങൾ എല്ലാം ക്യൂ.ആർ കോഡിലൂടെ വായിക്കാൻ സാധിക്കുന്നതാണ്. എന്നാൽ ഏത് ഇനത്തിൽ ലഭിച്ച തുകയാണെന്ന് അറിയുന്നതിന് സാധിക്കുന്നില്ല. രസീതുകൾ എല്ലാം ഓൺലൈനായി ലഭിക്കുന്നതുകൊണ്ടും നിരവധി തവണ റീപ്രിന്റ് ചെയ്യാൻ സാധിക്കുമെന്നതിനാലും നിലവിൽ ഒറിജിനൽ/ഡ്യൂപ്ലിക്കേറ്റ് രസീത് എന്ന രീതി ഇല്ലാതായിട്ടുണ്ട്. ആയതിനാൽ A4 പോലുള്ള പേപ്പറുകളിൽ രസീതുകൾ പ്രിന്റ് എടുത്ത് കാണിക്കുമ്പോൾ ശരിയായ രസീത് ആണോ എന്ന് പരിശോധിക്കുന്നതിനാണ് ക്യൂ.ആർ കോഡ് സംവിധാനം രസീതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കെ-സ്മാർട്ട് സംവിധാനത്തിന്റെ മുൻഗാമിയായിട്ടുള്ള, ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിംഗ്/രസീത് സംവിധാനമായ ILGMS മുഖാന്തിരം നൽകുന്ന രസീതിൽ നൽകിയിട്ടുള്ള ക്യൂ.ആർ കോഡ് പരിശോധിച്ചാൽ ആയത് ILGMS ന്റെ വെബ്സൈറ്റ് മുഖാന്തിരം ആണ് പരിശോധിക്കപ്പെടുന്നത്. എന്നാൽ കെ-സ്മാർട്ട് മുഖേന ലഭ്യമാകുന്ന രസീതിലെ ക്യൂ.ആർ കോഡ് റീഡ് ചെയ്യുമ്പോൾ കെ-സ്മാർട്ടിന്റെ വെബ്സൈറ്റ് മുഖേനയല്ല രസീതിലെ വിവരങ്ങൾ വായിക്കാൻ സാധിക്കുന്നത്, പകരം ടെക്സ്റ്റ് ഫോർമാറ്റിൽ ആണ്. ഇത്തരത്തിൽ ടെക്സ്റ്റ് ഫോർമാറ്റിൽ വിവരങ്ങൾ കാണിക്കുന്ന തരത്തിൽ ക്യൂ.ആർ കോഡുകൾ ഓൺലൈനിൽ ആർക്കും സൗജന്യമായി തന്നെ കൃത്രിമമായി നിർമിക്കാൻ സാധിക്കുമെന്നതിനാൽ രസീതുകളിൽ കൃത്രിമത്വം നടത്തുന്നതിനുള്ള സാദ്ധ്യതകൾ വളരെയധികമാണ്. കെ-സ്മാർട്ട് സംവിധാനത്തിൽ ക്യൂ.ആർ കോഡുകൾ വെബ്സൈറ്റ് അധിഷ്ഠിതമല്ലാത്തതിനാൽ രസീതിന്റെ വിശ്വാസ്യത ഉറപ്പാക്കുന്നതിന് സാധിക്കാതെ വരുന്നു.

വരവ് തുകകളുടെ കൃത്യത പരിശോധിക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ

ക്ഷണിക്കുന്നു.

## 1-10 റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8-ാമത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വർഷം മുതലുള്ള അലോട്ട്മെന്റിൽ നിന്നും എസ്.സി/എസ്.ടി ഫണ്ടുകൾ അല്ലാതെയുള്ള പൊതുവിഭാഗം ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് 1% തുക ഈടാക്കുന്നതിന് സ.ഉ. (കൈ) 179/2022/ധന. തീയതി 18.10.22 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാം ഗഡു വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള സ.ഉ. (സാധാ) നം.2858/2024/ധന. തീയതി 22.03.2024ൽ ഗുരുവായൂർ മുനിസിപ്പാലിറ്റിക്കുള്ള വികസനഫണ്ടിൽ നിന്നും 578720 രൂപ കുറവ് ചെയ്തിട്ടുണ്ട്. ഓരോ ഇനത്തിലുമുള്ള വരവുകളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നവിധം ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തു നിന്നും അലംഭാവം ഉണ്ടായിട്ടുണ്ട്.

മേൽപ്രകാരം റവന്യൂ ഡിമാന്റിന്റെ 90% പിരിച്ചെടുക്കാതിരുന്നതിന് കാരണം അറിയിക്കുന്നതിനും, 578720 രൂപ വികസനഫണ്ടിൽ നഷ്ടപ്പെടുത്തിയതിനുള്ള സ്ഥാപനത്തിന്റെ മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി-നികുതിയേതര വരുമാനങ്ങൾ സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.48/31.01.2025)

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ്. (കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994, വകുപ്പ് 245)

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം, ഈടാക്കേണ്ട തുക എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. തൊഴിൽ നികുതി അടവാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ അർദ്ധവാർഷിക വരുമാനപത്രികകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | അങ്ങാടിത്താഴം കള്ള്ഷാപ്പ് | II |
| 2 | പാലുവായ് കള്ള്ഷാപ്പ് | I, II |
| 3 | സൺഫിയസ്റ്റാ ഫുഡ് ഇന്ത്യ | I, II |
| 4 | കാത്തലിക് സിറിയൻ ബാങ്ക് (3/604) | I, II |

| | | |
|---|---|---|
| 5 | BCLPS കോട്ടപ്പടി | I |
| 6 | പോസ്റ്റ് ഓഫീസ്, കോട്ടപ്പടി | I, II |
| 7 | കാത്തലിക് സിറിയൻ ബാങ്ക് (40/57) | I, II |
| 8 | സേവ് സാഗ്രഹ സർവ്വീസ് മാനേജ്മെന്റ് | I, II |
| 9 | കള്ള്ഷാപ്പ്, പേരകം | I, II |
| 10 | കള്ള്ഷാപ്പ്, പുന്നത്തൂർ | I, II |
| 11 | കള്ള്ഷാപ്പ്, മല്ലാട് | I, II |
| 12 | കള്ള്ഷാപ്പ്, കാവീട് | I, II |
| 13 | കള്ള്ഷാപ്പ്, തമ്പുരാൻപടി | I, II |
| 14 | കള്ള്ഷാപ്പ്, കിണറ്റിങ്ങൽ | I, II |
| 15 | കള്ള്ഷാപ്പ്, ചാട്ടുകുളം | I, II |
| 16 | കള്ള്ഷാപ്പ്, ഇരിങ്ങപ്പുറം | I, II |
| 17 | പോസ്റ്റ് ഓഫീസ്, പേരകം | I, II |
| 18 | ഓട്ടോമെക്സ്, ചൂൽപ്പുറം | I, II |
| 19 | ദേവീസ് ബേക്കറി, താമരയൂർ | I, II |
| 20 | ചാവക്കാട് ഫർക്ക സഹകരണ ബാങ്ക്, ചൊവ്വല്ലൂർപ്പടി | I |
| 21 | എ.എൽ.പി സ്കൂൾ ഇരിങ്ങപ്പുറം | I |
| 22 | ഡോ.അമ്മിണീസ് ആരോഗ്യനികേതൻ | I |
| 23 | സമർക്കോ ഫുഡ്സ് & ചിക്കിംഗ് | II |
| 24 | നക്ഷത്ര ഇൻ | II |
| 25 | ന്യൂ ട്രിച്ചൂർ കമ്പനി | II |
| 26 | ശ്രീരാമകൃഷ്ണ മെസ്സ് | I |
| 27 | അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് ഓഫ് സെൻട്രൽ എക്സൈസ് | I |
| 28 | ആക്സിസ് ബാങ്ക് (വാർഡ്-5) | I, II |
| 29 | മാധവ് ഇൻ | I |
| 30 | ട്രിനിറ്റി എയർ ട്രാവൽസ് | I |
| 31 | ധനലക്ഷ്മി ബാങ്ക്, തെക്കേ നട | II |
| 32 | പാലാഴി ടൂറിസ്റ്റ് ഹോം | II |
| 33 | പൂർണ്ണിമ ടൂറിസ്റ്റ് ഹോം | I |
| 34 | സത്യ ലോഡ്ജ് | I |
| 35 | ശ്രീ വിഹാർ ടൂറിസ്റ്റ് ഹോം | I |
| 36 | മുത്തൂറ്റ് മിനി ഫിനാൻസ് (വാർഡ്-19) | II |
| 37 | രാധേയം ഗസ്റ്റ് ഹൗസ് | I |
| 38 | സഫയർ ഹോട്ടൽ | I |

| | | |
|---|---|---|
| 39 | റിലയൻസ് റീട്ടെൽ | II |
| 40 | തൈക്കാട് വെൽഫെയർ ചിറ്റ്സ് | II |
| 41 | സാരഥി ഫ്യൂവൽസ് | I |
| 42 | ഫെഡറൽ ബാങ്ക് (വാർഡ്-27) | I |
| 43 | കേരള ഹാർഡ്‌വെയർ | I |
| 44 | ആർവീസ് ഓഡിറ്റോറിയം | I |
| 45 | ശ്രീജ ഇൻ | I |
| 46 | നെന്മിണി ടൂറിസ്റ്റ് ഹോം | I |
| 47 | നിരണാലയം ടൂറിസ്റ്റ് ഹോം | II |
| 48 | പോസ്റ്റ് ഓഫീസ്, ഗുരുവായൂർ | I |
| 49 | രാഗമാലിക ടെക്സ്റ്റയിൽസ് | II |
| 50 | SRM ടവർ റെസിഡൻസി | II |
| 51 | TTD കല്യാണ മണ്ഡപം | II |
| 52 | റെയിൽവേ സ്റ്റേഷൻ | I |
| 53 | ശ്രീപദം ടൂറിസ്റ്റ് ഹോം | I |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/27.01.2025) ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.16/27.01.2025)

## 1-12 ജീവനക്കാരുടെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല

നഗരസഭയിൽ തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കുന്നില്ല. ഉദാഹരണമായി, 2023-24ലെ തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാനപത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഗോകുൽരാജ് ആർ. | ക്രെഡിറ്റ് ആക്സസ് ഗ്രാമീൺ ലിമിറ്റഡ് | 147217 | 1000 | 1250 | 250 |
| 2 | ഹൃദ്യ പി. ബി. | ധനലക്ഷ്മി ഹയർ | 108000 | 750 | 1000 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | | പർച്ചേയ് & ലീസിംഗ് ലിമിറ്റഡ് | | | | |
| 3 | ശേത പ്രവീൺ | ,, | 84000 | 450 | 750 | 300 |
| 4 | വിനീത് ടി. വി. | ,, | 156000 | 1000 | 1250 | 250 |
| 5 | ശ്രുപേഷ് പി. ബി. | ,, | 126000 | 1000 | 1250 | 250 |
| 6 | ഹിരോഷ് സാഗർ | ,, | 108000 | 750 | 1000 | 250 |
| 7 | സുജിത്ത് സി. എസ്. | ,, | 114000 | 750 | 1000 | 250 |
| 8 | രേഷ്മ ജി. | ബാങ്ക് ഓഫ് ഇന്ത്യ, ഗുരുവായൂർ | 125232 | 417 | 1250 | 833 |
| 9 | ശ്രീഷ്മ കെ. | ബാങ്ക് ഓഫ് ബറോഡ, (വാർഡ്-23) | 126720 | 238 | 1250 | 1012 |
| 10 | ആളൂർ ഷാജൻ | ,, | 112782 | 208 | 1000 | 792 |
| 11 | ശ്രീഹരി ടി.എസ്. | ആമിൻസ് പതോളജി ലബോറട്ടറി | 125784 | 1000 | 1250 | 250 |
| 12 | ധന്യ കെ.എച്ച്. LDC | ഗുരുവായൂർ ദേവസ്വം | 264257 | 1000 | 1250 | 250 |
| 13 | അരുൺ വി.കെ. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 14 | രഖിൽ ആർ.പി. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 15 | ഹരിദാസ് കെ. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 16 | പ്രവീവ് വി.വി വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 17 | അരുൺ മോഹൻ വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 18 | ആകാശ് വി. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 19 | മനു ജി.എം. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 20 | ആദർശ് വി. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 21 | നിഖിൽ ടി.എം. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 22 | അഞ്ജുക്കുട്ടൻ എ.എ. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 23 | പ്രശോഭ് എ. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 24 | അമരേഷ് ഒ.എ. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 25 | അവിനാഷ് പ്രഭു വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 26 | അഖിൽകൃഷ്ണൻ യു വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 27 | അക്ഷയ് എസ്.എ. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 28 | നിഖിൽ നടരാജൻ വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 29 | മനീഷ് മോഹൻ വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 30 | വിഷ്ണു ജെ.സി. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 31 | മുകുന്ദൻ പി.സി. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 32 | ശ്രീജിത്ത് കെ.എസ് വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 33 | മോഹിത് ശശികുമാർ വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 34 | അജിൽ കെ.ബി. വാച്ച്മാൻ | ,, | 147660 | 1000 | 1250 | 250 |
| 35 | ഗീത എം.എൻ. | ,, | 103275 | 750 | 1000 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 36 | കാർത്തികേയൻ ടി.ആർ. | ,, | 88425 | 450 | 750 | 300 |
| 37 | ഉഷ കെ.കെ. | ,, | 97200 | 600 | 750 | 150 |
| 38 | വിമൽകുമാർ എ. | ,, | 105300 | 600 | 1000 | 400 |
| 39 | മണികണ്ഠൻ കെ.വി. | ,, | 105300 | 750 | 1000 | 250 |
| 40 | രാധ വിശ്വനാഥൻ | ,, | 103275 | 750 | 1000 | 250 |
| 41 | കെ.വി. ഗോപകുമാർ | ,, | 84700 | 600 | 750 | 150 |
| 42 | പ്രതിഭ സി.പി. | ,, | 737626 | 750 | 1250 | 500 |
| 43 | സിംഗ്നു കെ.എസ്. | ,, | 105300 | 750 | 1000 | 250 |
| 44 | പി.കെ. ദീപ | ,, | 105300 | 750 | 1000 | 250 |
| 45 | അഞ്ജന കെ. മുകുന്ദൻ | ,, | 105300 | 750 | 1000 | 250 |
| 46 | ദിവ്യ പി.ഡി. | ,, | 105300 | 750 | 1000 | 250 |
| 47 | ശ്രീലക്ഷ്മി എ. | ,, | 105300 | 750 | 1000 | 250 |
| 48 | ഷിജി സുമിത് | ,, | 105300 | 750 | 1000 | 250 |
| 49 | ഷൈജ കെ. KG ടീച്ചർ | ,, | 105300 | 750 | 1000 | 250 |
| 50 | ജ്യോമി വി.എസ് KG ടീച്ചർ | ,, | 105300 | 750 | 1000 | 250 |
| 51 | അശ്വതി ആർ. ആയ | ,, | 86022 | 600 | 750 | 150 |
| 52 | ഗീത വി.ജി. ആയ | ,, | 105300 | 600 | 1000 | 400 |
| 53 | അജിത എ.എസ്. ആയ | ,, | 105300 | 600 | 1000 | 400 |
| 54 | ശ്യാം കൃഷ്ണൻ വാദ്യം | ,, | 101250 | 600 | 1000 | 400 |
| 55 | പ്രജീഷ് പി.ഡി. | ,, | 109350 | 750 | 1000 | 250 |
| 56 | രതീഷ് എ.എസ്. | ,, | 105300 | 750 | 1000 | 250 |
| 57 | നിതീഷ് കെ.പി. | ,, | 103950 | 750 | 1000 | 250 |
| 58 | ധർമ്മേഷ് | ,, | 60000 | 450 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | പി.സി. സോപാനം കാവൽ | | | | | |
| 59 | വിബീഷ് വി.വി സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 60 | മനോജ്കുമാർ ആർ. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 61 | ലോഹിതാക്ഷൻ പി.വി. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 62 | മുരളി പി.എൻ. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 63 | മനോജ്കുമാർ കെ.ആർ. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 64 | പ്രബിൻ പി.ബി. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 65 | ദെസീബ് എ.സി. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 66 | ജയകൃഷ്ണൻ എം.പി. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 67 | ദിനേഷ് പി.എ. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 68 | ശ്രീജിത്ത് മുരളി സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 69 | സുജിഷ് കെ.ബി | ,, | 60000 | 450 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | സോപാനം കാവൽ. | | | | | |
| 70 | സുധീഷ് ടി.കെ. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 71 | പ്രിജ്ഞ പ്രസാദ് സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 72 | പ്രദീപ് യു. സോപാനം കാവൽ | ,, | 60000 | 450 | 600 | 150 |
| 73 | ഇന്ദിര രാമു വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 74 | ഹേമലത എം.എ. വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 75 | ചന്ദ്രിക സി.എം. വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 76 | സീന സി.കെ വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 77 | യശോദ എം. വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 78 | ഗൗരി ടി.കെ. വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 79 | ഷീല കെ.പി. വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 80 | ഷീബ ടി.ടി. വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 81 | സീതാലക്ഷ്മി വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 82 | സരസ്വതി കെ. വനിത സെക്യൂരിറ്റി | ,, | 60000 | 450 | 600 | 150 |
| 83 | മണികുമാർ കെ. | ,, | 87750 | 600 | 750 | 150 |
| 84 | അശോകൻ വി.കെ. | ,, | 60000 | 450 | 600 | 150 |
| 85 | സതീഷ്കുമാർ എ, | ,, | 60000 | 450 | 600 | 150 |
| 86 | നിജേഷ് സി.ബി | ,, | 103275 | 750 | 1000 | 250 |
| 87 | സൂരജ് എ | ,, | 60000 | 450 | 600 | 150 |
| 88 | മൃദുൽ ആർ.ആർ. | ,, | 60000 | 450 | 600 | 150 |

തൊഴിൽ നികുതി സ്ലാബ് പ്രകാരമുള്ള നിരക്കിൽ ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി കക്ഷികൾക്ക് നോട്ടീസ് നൽകി കുറവ് വന്നിട്ടുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആയതിനാൽ മേൽ പട്ടിക പ്രകാരം കുറവായി അടവാക്കിയ തുക ഈടാക്കേണ്ടതും നഗരസഭാപരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരും കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങൾ-2005, ചട്ടം (3) പ്രകാരമുള്ള നിരക്കിൽ തൊഴിൽനികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.14/27.01.2025)

## 1-13 വ്യാപാരസ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള വ്യാപാരസ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനം ഉടമ – സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 8/86 | സുരേഷ് എൻ. ഡി. - ഇലക്ട്രിക്കൽ വീട്ടുപകരണങ്ങളുടെ റിപ്പയറിംഗ് | II |
| 2 | 9/335 | TS NO-26 കള്ള്ഷാപ്പ് | II |
| 3 | 10/1 | സൈനബ ഫ്ലവർമിൽ | I, II |
| 4 | 10/12 | സുരേഷ് - സലൂൺ | I, II |
| 5 | 10/213 | വി. സി. ഷംസുദ്ദീൻ - പലചരക്ക് | I, II |
| 6 | 10/268,262(3) | നൗഷാദ് - ഐസ്ക്രീം ശേഖരണം വിൽപന | II |
| 7 | 11/21 | ശെൽവൻ – ചിപ്സ് നിർമ്മാണം | I, II |

| | | | |
|---|---|---|---|
| 8 | 11/212 | TS NO-28 കള്ള്ഷാപ്പ് | II |
| 9 | 20/166(11) | സോമൻ – പാർസൽ സർവ്വീസ് | I |
| 10 | 20/228(1) | സുമേഷ് - ബേക്കറി സാധനങ്ങളുടെ നിർമ്മാണം | I, II |
| 11 | 20/475 | തോമസ് - ടൂൾസ് വാടകയ്ക്ക് | I, II |
| 12 | 20/478 | ഷിംല മൊബൈൽ റീചാർജ് & മിനി സൂപ്പർമാർക്കറ്റ് | I, II |
| 13 | 20/494(4) | ഷീബ അനിൽകുമാർ DTP സെന്റർ & ഫോട്ടോസ്റ്റാറ്റ് | II |
| 14 | 20/559 | നൗഷാദ് - ചായക്കട | I, II |
| 15 | 21/276 | കുമാരൻ ടൈലറിംഗ് | II |
| 16 | 21/277(1) | വൽസൻ - മരപ്പണി | I, II |
| 17 | 21/292 | പ്രഭാകരൻ – ബാർബർ ഷോപ്പ് | I, II |
| 18 | 21/294(1) | കബീർ – ഇറച്ചി വിൽപന | I, II |
| 19 | 21/104 | നബീസ സിത്താര – അരിപ്പൊടി, മുളക്പൊടി, മസാലപ്പൊടി വിൽപന | I, II |
| 20 | 24/428 | തോബിയാസ് വെളിച്ചെണ്ണ മിൽ | II |
| 21 | 24/433 | എൻ. ആർ. ദാസൻ – ടീ ഷോപ്പ് | I, II |
| 22 | 24/451,452 | ഫാറൂഖ് വി. എ. – അലുമിനിയം ഫേബ്രിക്കേഷൻ | I, II |
| 23 | 24/453 | പോൾസൺ – കർട്ടൻ വർക്ക്സ് | I, II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൊഴിൽ നികുതി അടവാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും തുക അടവാക്കുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൈക്കാട് സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന വാർഡുകൾ മാത്രം (വാർഡ്-7, 8, 9, 10, 11, 20, 21, 24) പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത്. നഗരസഭാ പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്. സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് മുമ്പായി തൊഴിൽനികുതി അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.17/27.01.2025)

## 1-14 വാടക - അപാകതകൾ

1. 2023-24 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളിലെ മുറികളുടെ വാടക ഈടാക്കിയിട്ടില്ല എന്ന് വാടക രജിസ്റ്റർ പരിശോധനയിൽ കാണുന്നു.

| കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | അടവാക്കാൻ ബാക്കിയുള്ള വാടക | നഗരസഭ ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| മഞ്ജുളാൽ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 17 B | രാജഗോപാൽ കെ.വി. | 49524 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് | | | |
| 10 | ബിന്ദു എ. പി. | 48150 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| FF4 | മോഹനൻ കെ. എസ്. | 109968 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| SF5 | സെക്രട്ടറി CPI ഗുരുവായൂർ ലോക്കൽ കമ്മിറ്റി | 69180 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 5 | പ്രകാശൻ സി. ജി. | 5136 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| മിനി മാർക്കറ്റ് പരിസരത്തുള്ള കെട്ടിടം | | | |
| 4 | പത്മകുമാർ സി. | 26630 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 7 | കൃഷ്ണൻ കെ. പി. | 2830 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| IRDP ബങ്ക് | | | |
| 12 | കെ. പി. സുന്ദരൻ | 4406 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| വേലായുധൻ സ്മാരക കെട്ടിടം | | | |
| 1 | അരവിന്ദാക്ഷൻ പി. എ. | 29952 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2 | റഷീദ് എം. എ. | 29952 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 3 | സലീഷ്കുമാർ കെ. ബി. | 38872 | തുക അടവാക്കിയിട്ടില്ല. അടച്ചു പൂട്ടാനുള്ള അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. |
| പൂക്കോട് മേഖലാ കാര്യാലയത്തിന്റെ പരിധിയിലുള്ള കെട്ടിടങ്ങൾ | | | |
| 41/458 | പത്മകുമാർ | 51898 | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 41/459 | പത്മകുമാർ | 20188 | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 41/456(1) | സെക്രട്ടറി & പ്രസിഡന്റ് GGRA | 67550 | മറുപടി ലഭ്യമാക്കിയിട്ടില്ല. |

വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. താഴെ കൊടുത്തിരിക്കുന്ന കടമുറികൾ 2023-24 വർഷത്തിൽ ഒഴിഞ്ഞുകിടന്നിരുന്നു.

A) ബസ് സ്റ്റാൻഡ് ബിൽഡിംഗ് 3,4,14

B) കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് FF2

മേൽപ്പറഞ്ഞ കടമുറികൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ യഥാസമയം ലേലം ചെയ്യുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.15/27.01.2024, 40/29.01.2025)

## 1-15 വാടകയിനത്തിൽ വരുമാന നഷ്ടം

ഗുരുവായൂർ നഗരസഭ പൂക്കോട് മേഖലാ കാര്യാലയത്തിന്റെ പരിധിയിലുള്ള വ്യവസായ എസ്റ്റേറ്റിൽ പട്ടികജാതിക്കാർക്കായുള്ള 41/452(2) നമ്പർ കെട്ടിടം (73.02 ച.മീ) 24.03.2022 തീയതിയിൽ നടന്നിട്ടുള്ള ലേലത്തിൽ ശ്രീ. രവി കെ. കെ. കൈപ്പട എന്നവർക്ക് 10,100 രൂപ മാസവാടകയ്ക്ക് നൽകിക്കൊണ്ട് 12.05.2022 തീയതിയിൽ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നാളിതു വരെ ടിയാൻ വാടക ഡെപ്പോസിറ്റ് അടവാക്കുകയോ എഗ്രിമെന്റ് ഹാജരാക്കി കടമുറി ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ടി കടമുറി പിന്നീട് ടെണ്ടർ/ലേലം നടത്തിയതിന്റെയോ, ലേലത്തിൽ പങ്കെടുത്ത് നഗരസഭയ്ക്ക് നഷ്ടം വരുത്തിയ വ്യക്തിക്കെതിരെ നടപടികൾ സ്വീകരിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല.



41/452(2) നമ്പർ കടമുറി സംബന്ധിച്ച് 31.07.2023 തീയതിയിലെ 6-ാം നമ്പർ തീരുമാനം താഴെ പറയും പ്രകാരമാണ്.

"ഗുരുവായൂർ നഗരസഭ പൂക്കോട് മേഖല കാര്യാലയത്തിന്റെ പരിധിയിൽ 41-ാം വാർഡിൽ പട്ടിക ജാതിക്കാർക്കായി നിർമ്മിച്ചിട്ടുള്ള നഗരസഭ വക വ്യവസായ എസ്റ്റേറ്റിലെ 41/452(2) നമ്പർ കടമുറി ലേലത്തിന് ലഭിച്ച ശ്രീ. രവി കെ. കെ, കൈപ്പട ഹൗസ് എന്നവർ നിയമാനുസൃതം ടി കടമുറി ഏറ്റെടുക്കാത്തതിനാലും, ടി കടമുറി നിയമാനുസൃതം മാസവാടകയ്ക്ക് ഏറ്റെടുക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് കൺവീനർ, പൂക്കോട്, പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 792 എന്ന സ്ഥാപനം തയ്യാറായിട്ടുള്ളതിനാലും ശ്രീ. രവി കെ. കെ, കൈപ്പട ഹൗസ് എന്നവരുടെ ലേലം റദ്ദ് ചെയ്യുന്നതിനും ആയത് പൂക്കോട് പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന് നിയമാനുസൃതം മാസവാടകയ്ക്ക് നൽകുന്നതിനും തീരുമാനിച്ചു."

എന്നാൽ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 41/452(2) നമ്പർ കടമുറി ഏറ്റെടുക്കുന്നതിനായി പൂക്കോട് പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന് നഗരസഭ കത്ത് (നം.PKD/R1/3018/21) നൽകിയിട്ടുള്ളത് 02.12.2024 തീയതിയിൽ മാത്രമാണ്. 2022 വർഷത്തിൽ പണി കഴിപ്പിച്ചിട്ടുള്ള ടി കെട്ടിടം നാളിതു വരെ വാടകയ്ക്ക് നൽകാതെ അടഞ്ഞു കിടക്കുകയാണ്. വാടക രജിസ്റ്ററിൽ ടി കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. 27.01.2025 തീയതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ പൂക്കോട് വ്യവസായ പാർക്കിലുള്ള ടി കെട്ടിടം അടഞ്ഞ് കിടക്കുന്നതായി കണ്ടു. കടമുറി വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് സമയോചിതമായ നടപടികൾ സ്വീകരിക്കാത്തത് മൂലം നഗരസഭയ്ക്ക് വാടകയിനത്തിൽ ഭീമമായ വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിട്ടതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.40/29.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ഭരണസമിതിയുടേയും അനാസ്ഥ മൂലം 2022 മെയ് മാസം മുതൽ വാടകയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം ഉത്തരവാദികളായ വ്യക്തികളുടെ പേരിൽ നഷ്ടമായി കണക്കാക്കി ആയത് ഈടാക്കിയതിന്റേയും, കെട്ടിടം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട തുടർനടപടികളുടേയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 മുനിസിപ്പൽ റെസ്റ്റ് ഹൗസ് കെട്ടിടം - നരഗസഭയ്ക്ക് വരുമാനം ലഭിക്കുന്നില്ല

ഗുരുവായൂർ നഗരസഭ വക പടിഞ്ഞാറെ നടയിലുള്ള റസ്റ്റ് ഹൗസ് കെട്ടിടം 08.11.2022 തീയതിയിലെ 6-ാം നമ്പർ തീരുമാനപ്രകാരവും, തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ് സ.ഉ. (സാധാ) നം.206/2022 ത.സ്വ.ഭ.വ. തീയതി 02.02.2022 പ്രകാരവും ഗുരുവായൂർ മുനിസിപ്പാലിറ്റി പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 15 വർഷക്കാലയളവിലേക്ക് പ്രതിമാസ വാടക 1,80,000 രൂപ + 18% GST നിരക്കിൽ നൽകുന്നതിന് തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം 6 മാസത്തെ വാടക 10,80,000 രൂപ റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കുകയും 2023 ഏപ്രിൽ മുതൽ പ്രത്യേക നിബന്ധനകളോടെ നഗരസഭയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. നഗരസഭ വക റസ്റ്റ് ഹൗസ് 2017 മുതൽ 2021 വരെയുള്ള കാലയളവിൽ ലീസിനെടുത്ത ശ്രീ. രഞ്ജിത്ത്കുമാർ വി, ഗ്രാമീൺ എന്റർപ്രൈസസ്, വിശ്വഭവനം, ചിങ്ങോലി എന്ന വ്യക്തി ഭീമമായ തുക കുടിശ്ശിക (1,79,45,256 രൂപ) വരുത്തിയതിനാൽ 2021/950/08, 2021/951/08 നമ്പർ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ആയതിനെതിരെ ടിയാൻ OS 81/2020 നമ്പറായി ചാവക്കാട് മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. 2019-21 കാലഘട്ടത്തിൽ റസ്റ്റ് ഹൗസ് കെട്ടിടം സി എഫ് എൽ റ്റി സി ആയി പ്രവർത്തിച്ചിരുന്നെന്നും കുടിശ്ശിക അടവാക്കാൻ നൽകിയ നോട്ടീസ് പ്രകാരമുള്ള തുക നിലവിൽ അടവാക്കാൻ സാധിക്കില്ലെന്നും കാണിച്ചാണ് ടിയാൻ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേസ് നടക്കുന്നതിനാൽ മുമ്പ് ലീസിനെടുത്ത വ്യക്തിയുടെ ഉടമസ്ഥതയിലുള്ള്ള സാധനസാമഗ്രികൾ നാളിതുവരെ റസ്റ്റ് ഹൗസ് കെട്ടിടത്തിൽ നിന്നും മാറ്റിയിട്ടില്ല. പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നാളിതുവരെ ടി കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കാൻ സാധിക്കാത്തത് മൂലം കരാർ കാലയളവായ 2023 ഏപ്രിൽ മുതലുള്ള വാടകയും അടവാക്കിയിട്ടില്ല. പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായുള്ള കരാർ 2024 വർഷം പുതുക്കിയിട്ടില്ലാത്തതാണ്. പ്രസ്തുത വിഷയത്തിൽ നഗരസഭയുടെ ഭാഗത്ത് നിന്നുള്ള നിസ്സഹകരണം മൂലം ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയില്ല എന്നും, ആയതിനാൽ കരാർ റദ്ദ് ചെയ്ത് നഗരസഭയിൽ അടവാക്കിയ തുകയും, ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയും തിരികെ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 23.12.2024 തീയതിയിൽ നഗരസഭ ചെയർമാന് കത്ത് നൽകിയിട്ടുണ്ട്.

2023 ഏപ്രിൽ മുതൽ റസ്റ്റ് ഹൗസ് കെട്ടിടത്തിൽ പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് പ്രവർത്തിക്കാൻ സാധിക്കാത്തത് മൂലം നഗരസഭയ്ക്ക് വൻ തുക വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് ലഭ്യമാകേണ്ട ടി തുക ഈടാക്കുന്നതിനും, മുമ്പ് ലീസിനെടുത്ത വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സാധനസാമഗ്രികൾ ടിയാൻ നീക്കം ചെയ്യാത്ത സാഹചര്യത്തിൽ ടി വസ്തുക്കൾ നഗരസഭയുടെ നേതൃത്വത്തിൽ ലേലം ചെയ്ത് ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 42/29.01.2025) "റസ്റ്റ് ഹൗസിൽ സൂക്ഷിച്ചിട്ടുള്ള സാധനസാമഗ്രികൾ മാറ്റുന്നതുമായി ബന്ധപ്പെട്ട് ശ്രീ. രഞ്ജിത്ത്കുമാർ വി. എന്നയാൾക്ക് പലതവണ നോട്ടീസ് നൽകിയെങ്കിലും, ടിയാൻ കത്തിന് മറുപടി നൽകുകയോ നഗരസഭയിൽ ഹാജരാകുകയോ ചെയ്തിട്ടില്ലാത്തതാണ്. നിലവിൽ കേസ് നടക്കുന്നതിനാൽ റസ്റ്റ് ഹൗസിൽ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുള്ള ടിയാന്റെ സാധനസാമഗ്രികൾ നിലവിൽ ലേലം ചെയ്യാൻ സാധിക്കുമോ എന്നതിനുള്ള നിയമോപദേശത്തിന് വക്കീലിന് സമർപ്പിച്ചിട്ടുള്ളതാണ്. ലിഫ്റ്റ്, ജനറേറ്റർ പോലുള്ള വലിയ ഇലക്ട്രിക്ക് ഉപകരണങ്ങൾ നഗരസഭ നേരിട്ട് മാറ്റാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ വലിയ സാമ്പത്തിക ചെലവ് വഹിക്കേണ്ടി

വരുന്നതുമാണ്. പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കരാർ ഒഴിയുന്ന സാഹചര്യത്തിൽ ടി കെട്ടിടം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് പ്രർത്തിക്കാൻ സാധിക്കാതിരുന്ന കാലയളവിൽ നഗരസഭയ്ക്കുണ്ടായ ബാധ്യത കൂടി ശ്രീ. രഞ്ജിത്ത്കുമാർ വി. എന്നയാളുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻ ലൈസൻസി ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും, റസ്റ്റ് ഹൗസ് കെട്ടിടം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട തുടർനടപടി വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 മാനുവൽ രസ്തീതി ബുക്കുകൾ എഴുതുന്നതിലെ അപാകത

ഗുരുവായൂർ നഗരസഭയുടെ മെയിൻ ഓഫീസിലും തൈക്കാട് സോണൽ ഓഫീസിലും ഉള്ള കൃഷി ഓഫീസർക്ക് ഗുണഭോക്തൃ വിഹിതം പിരിക്കുവാൻ അനുവദിച്ച രസീതി ബുക്കുകൾ (രസീതി ബുക്ക് നമ്പർ: 83,84,85,89,56) ഡബിൾ സൈഡ് കാർബൺ വയ്ക്കാതെയാണ് ഉപയോഗിച്ചിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 18 (2) പ്രകാരം ഇഷ്യൂ ചെയ്യുന്ന എല്ലാ രസീതികൾക്കും ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 28/28.01.25)

## 1-18 പരിഷ്കരിച്ച വസ്തു നികുതി നിരക്ക് പൂർണ്ണമായി പ്രാബല്യത്തിൽ വരുത്തിയിട്ടില്ല

സ.ഉ (അച്ചടി) നം. 26/2023 ത.സ്വ.ഭ.വ തീയതി 5.04.23 ഉത്തരവ് പ്രകാരം സർക്കാർ 01.04.2023 മുതൽ നഗരസഭകളിൽ ഓരോ കെട്ടിടങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിർണയിച്ചിട്ടുണ്ട്. ആയത് പ്രകാരം 24.11.2023 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ നിന്ന് 2023-24 സാമ്പത്തിക വർഷത്തിൽ നമ്പർ നൽകിയിട്ടുള്ള 1452 പുതിയ കെട്ടിടങ്ങൾക്കും പരിഷ്കരിച്ച നിരക്കുകൾ പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ (കൈ) നം.77/2023/ത.സ്വ.ഭ.വ തീയതി: 22.03.2023, സ.ഉ (അ) നം.26/2023/ ത.സ്വ.ഭ.വ തീയതി: 5.04.23 എന്നിവക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിൽ നമ്പർ നൽകിയ എല്ലാ പുതിയ കെട്ടിടങ്ങൾക്കും പരിഷ്കരിച്ച വസ്തുനികുതി നിരക്ക് പ്രകാരമുള്ള വസ്തുനികുതി ഈടാക്കി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/25.01.25)

## 1-19 ഗുരുവായൂർ ദേവസ്വം കെട്ടിടങ്ങൾ -വസ്തു നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നാളിതുവരെ കെട്ടിട നമ്പർ നൽകുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

1. ദേവസ്വം ക്ഷേത്രത്തിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന മേല്പത്തൂർ ഓഡിറ്റോറിയം.
2. ക്ഷേത്രത്തിന്റെ തെക്ക് പടിഞ്ഞാറേ മൂലയിൽ സ്ഥിതി ചെയ്യുന്ന സിറ്റി യൂണിയൻ ബാങ്കിന്റെ എടിഎം.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി കെട്ടിടങ്ങൾക്ക് എൻജിനീയറിങ് വിഭാഗത്തിൽ നിന്നുമുള്ള നിർദ്ദേശം ലഭ്യമാവുന്ന മുറക്ക് നികുതി നിർണ്ണയിക്കുന്നതും ആയത് ഓഡിറ്റിനെ അറിയിക്കുന്നതുമാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച് വസ്തു നികുതി ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3. ക്ഷേത്രത്തിന്റെ തെക്കെ നടയിൽ പ്രവർത്തിച്ച് വരുന്ന പാഞ്ചജന്യം റസ്റ്റ് ഹൗസിന് 13/674, 13/675 എന്നീ രണ്ട് കെട്ടിട നമ്പറുകളാണ് നിലവിൽ അനുവദിച്ചിരിക്കുന്നത്. ഇതിൽ 13/674 എന്ന കെട്ടിടം ലോഡ്ജ് ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി ഈടാക്കുന്നത്. എന്നാൽ 13/675 (90 മീറ്റർ സ്ക്വയർ) നമ്പർ നൽകിയിരിക്കുന്ന കെട്ടിടഭാഗത്തിന് പാർപ്പിട ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ടി കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തി വസ്തു നികുതി പരിഷ്കരിച്ച് ആയത് ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 27/28.01.25)

## **1-20** അനധികൃത നിർമ്മാണങ്ങളിൽ നിന്നും കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൻ പ്രകാരം ഗുരുവായൂർ നഗരസഭയിൽ UA നമ്പർ നൽകിയിട്ടുള്ള താഴെ സൂചിപ്പിച്ചിരിക്കുന്ന അനധികൃത നിർമ്മാണങ്ങൾക്ക് വൻ തോതിൽ വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഡോർ നമ്പർ | ഉടമസ്ഥൻ | നാളിതുവരെ വസ്തുനികുതി ഈടാക്കാനുള്ള കാലയളവ് |
|---|---|---|---|---|
| 1 | 37 | 6/1UA | സെക്രട്ടറി തീർത്ഥ കല സാംസ്കാരിക സമിതി | 2016-17 To 2024-25 |
| 2 | 40 | 376/2UA<br>376/3UA | ജനാർദ്ദനൻ അടിയോടി | 2014-15 To 2024-25 |
| 3 | 1 | 45A/1UA | ബാലൻ ,പൂങ്ങോട് | 2019-20 To 2024-25 |
| 4 | 37 | 408/22UA<br>408/23UA<br>408/24UA<br>408/25UA<br>408/26UA<br>408/27UA<br>408/28UA<br>408/29UA<br>408/30UA<br>408/31UA<br>408/32UA<br>408/33UA<br>408/34UA<br>408/35UA | അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം | 2016-17 To 2024-25 |

| | | | | |
|---|---|---|---|---|
| | | 408/36UA<br>408/37UA<br>408/38UA<br>408/39UA | | |
| 5 | 42 | 3/4UA<br>3/5UA | പ്രസിഡന്റ്, ഇസ്ലാമിക കൾച്ചറൽ അസോസിയേഷൻ | 2016-17 To 2024-25 |
| 6 | 18 | 391/UAC<br>392/1UAC<br>392/UAC<br>393/UAC<br>394/UAC<br>395/2UAC<br>395/1UAC<br>395/3UAC<br>395/UAC<br>396/14UAC<br>396/11UAC<br>396/25UAC<br>396/24UAC | ഗിരിജ കാശി വിശ്വനാഥൻ | 2014-15 To 2024-25 |
| 7 | 23 | 334/1UAC<br>334/2UAC<br>334/3UAC<br>334/4UAC<br>334/5UAC | കെ. എം. മോഹൻ ദാസ് | 2014-15 To 2024-25 |
| 8 | 27 | 197/UAC | സജിത്ത്, സീമ സജിത്ത് | 2016-17 To 2024-25 |
| 9 | 18 | 396/10UAC | ജ്യോതി പി നമ്പ്യാർ | 2014 -15 To<br>2024 -25 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗിരിജ കാശി വിശ്വനാഥൻ, കെ.എം മോഹൻ ദാസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ് എന്നും 27-197/UAC എന്ന കെട്ടിടത്തിനും, ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച എല്ലാ കെട്ടിടങ്ങൾക്കും ഏകദേശം പത്ത് വർഷത്തെ നികുതി കുടിശ്ശിക ഉണ്ടായിട്ടും 2024-25 സാമ്പത്തിക വർഷത്തിൽ മാത്രമാണ് മുകളിൽ സൂചിപ്പിച്ച രണ്ട് ഉടമസ്ഥർക്കെതിരെ റവന്യൂ നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

ഗുരുവായൂർ നഗരസഭയിൽ അനധികൃത നിർമ്മാണത്തിന് UA നമ്പർ നൽകിയിരിക്കുന്ന എല്ലാ കെട്ടിടങ്ങളിൽ നിന്നും കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 10/25.01.25)

**1-21 ടർഫുകളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്**

നഗരസഭകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ 01.04.2023 മുതൽ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും ഓരോ വർഷവും നിരക്കുകളിൽ വരുത്തേണ്ട വർദ്ധനവിന്റെ ശതമാനവും സ.ഉ. (അച്ചടി) നം. 26 /2023/LSGD തി. 5.04.2023 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിൽ, ടർഫുകൾക്ക് ബാധകമായ നിരക്കുകളുമുണ്ട്. ആയത് പ്രകാരം

24.11.2023 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ടർഫുകൾക്ക് ഒരു ചതുരശ്ര മീറ്റർ വിസ്തീർണത്തിനു ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് 45 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഗുരുവായൂർ നഗരസഭയിൽ ICA കോളേജിന് എതിർവശത്തായി തൊഴിയൂരിൽ ലാലിഗ സ്പോർട്സ് വില്ലേജ് എന്ന പേരിൽ ടർഫ് പ്രവർത്തിച്ച് വരുന്നുണ്ട്. ടി ടർഫിന് കെട്ടിട നമ്പർ നൽകി വസ്തു നികുതി ഈടാക്കി വരുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി ടർഫിന് കെട്ടിടനമ്പർ അനുവദിച്ച് നികുതി ചുമത്തിയിട്ടുള്ളതാണ് എന്നും 2024-25 സാമ്പത്തിക വർഷം വരെ നികുതി ഒടുക്കിയിട്ടുള്ളതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . എന്നാൽ 34/110-5 എന്ന കെട്ടിട നമ്പർ നൽകിയിട്ടുള്ള ടി ടർഫിന്റെ ഉപയോഗക്രമം ഇതര വ്യവസായത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ടി കെട്ടിടത്തിന്റെ ഉപയോഗക്രമം ഇതരവ്യവസായത്തിൽ നിന്നും ടർഫിന്റെ ഉപയോഗക്രമത്തിലേക്ക് മാറ്റേണ്ടതും ആയതിന് അനുസരിച്ച് നികുതി നിരക്ക് പരിഷ്കരിക്കേണ്ടതുമാണ്. നഗരസഭ പരിധിയിൽ മറ്റ് ടർഫുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവക്കും കെട്ടിട നമ്പർ നൽകി ടർഫിന്റെ ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തു നികുതി ഈടാക്കി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

(ഓഡിറ്റ് എൻക്വയറി നമ്പർ 11/25.01.25)

## 1-22 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 235 ബിഎ പ്രകാരം സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും നൽകിയിരുന്ന വസ്തുനികുതി ഇളവ്, 2023 ലെ 18-ാം ആക്ട് പ്രകാരം 01.04.2023 തീയതി പ്രാബല്യത്തിൽ നീക്കം ചെയ്തിട്ടുണ്ട് (28.03.2023-ലെ നമ്പർ 15(2)/ലെജി.എ2/2023/നിയമം). ആയതിനാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച .മീ) |
|---|---|---|---|
| 1 | ഗുരുവായൂർ ദേവസ്വം സ്കൂൾ | 19/ 378 | 3921 |
| | | 19/ 378 -1 | 1165 .76 |
| 2 | റഹ്മത് ഇംഗ്ലീഷ് ഹയർ സെക്കന്ററി സ്കൂൾ | 1/ 447 | 786.78 |
| | | 1/447/1UA | 668.68 |
| | | 1/447/2UA | 1528.16 |
| 3 | മേഴ്സി കോളേജ് | 36/257 | 107.38 |

ടി സ്ഥാപനങ്ങളിൽ നിന്നും നിലവിലെ വിസ്തൃതിക്കനുസൃതമായി വസ്തു നികുതി ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 25 /28.01.25)

## 1-23 സെൻട്രലൈസ്ഡ് AC സംവിധാനം ഉള്ള കെട്ടിടങ്ങൾക്ക് 10 % നികുതി വർദ്ധനവ് വരുത്തിയിട്ടില്ല

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 ലെ പട്ടിക 8 പ്രകാരം സെൻട്രലൈസ്ഡ് AC സംവിധാനങ്ങളുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയിൽ 10 ശതമാനം വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളിൽ ഈ വർദ്ധനവ് വരുത്തിയിട്ടില്ല .

| ക്രമ നമ്പർ | കെട്ടിടം | വാർഡ് നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (മീറ്റർ സ്ക്വയർ ) |
|---|---|---|---|---|
| 1 | ഗോകുലം പാർക്ക് | 27 | 307 / 1 | 10774 |
| 2 | ദേവരാഗം ഹോട്ടൽ | 28 | 666 | 1271 |
| | | 28 | 667 | 1298 |
| 3 | പൂന്താനം ഓഡിറ്റോറിയം | 18 | 171 / 1 | 8434 |

ടി കെട്ടിടങ്ങളുടെ വെബ് സൈറ്റിൽ നിന്നും ലഭ്യമാവുന്ന വിവരങ്ങൾ പ്രകാരം ടി കെട്ടിടങ്ങൾ സെൻട്രലൈസ്ഡ് AC സംവിധാനത്തോടു കൂടി പ്രവർത്തിക്കുന്നവയാണ്. ആയതിനാൽ ടി കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതി നിരക്കിൽ 10% വർദ്ധനവ് വരുത്താത്തതിനുള്ള കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കേന്ദ്രീകൃത എയർ കണ്ടിഷനിംഗ് സൗകര്യമുള്ള കെട്ടിടങ്ങൾക്ക് വരുത്തേണ്ടതായ 10% വർദ്ധനവ്, കെ സ്മാർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതിയിൽ വർദ്ധനവ് വരുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി കെട്ടിടങ്ങൾ പരിശോധിച്ച് ആയവയിൽ സെൻട്രലൈസ്ഡ് AC സംവിധാനം ഉണ്ട് എന്ന വ്യക്തമാവുന്ന പക്ഷം അടിസ്ഥാന നികുതിയിൽ പത്ത് ശതമാനം നികുതി വർദ്ധനവ് വരുത്തി ഈടാക്കിയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 26/28.01.25)

## 1-24 ഗുരുവായൂർ ദേവസ്വം ഭൂമി തരം മാറ്റാതെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകി

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ 71.05 ആർ വിസ്തൃതിയുള്ള, ചാവക്കാട് താലൂക്കിൽ ഉൾപ്പെട്ട റീസർവ്വേ നമ്പർ 105/14, 105/15A, 105/25A, 106/22, 106/17A, 106/17B, 129 ഭൂമിയിൽ നിർമ്മിച്ച ഡോർമിറ്ററി കം കംഫർട്ട് സ്റ്റേഷന് (932.90 മീറ്റർ സ്ക്വയർ) പെർമിറ്റ് നമ്പർ BA No:39/2020-21 തീയതി 18.02.2022 (ഫയൽ നമ്പർ ഇ2 10511/2020) പ്രകാരം നിർമ്മാണ അനുമതി നൽകുകയും, 01.12.2023 ൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട് (കെട്ടിട നമ്പർ : 18/1009-1). എന്നാൽ ടി ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൻ പ്രകാരം റീസർവ്വേ നമ്പർ 105/15A(1.90 ആർ), 129/1(4.86 ആർ) എന്ന ഭൂമി നികുതി കെട്ടാത്ത കുളം എന്ന തരത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥലം കേരള വെറ്റ് ആൻഡ് പാഡി ലാൻഡ് ആക്ട് 2008 ബാധകമാകുന്ന പക്ഷം ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട RDO അനുമതി ലഭ്യമാക്കിയതിനുശേഷം മാത്രമാണ് നിർമ്മാണ അനുമതി നൽകേണ്ടിയിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടി അനുമതി ലഭ്യമാക്കി കാണുന്നില്ല. 2008-ലെ കേരള തണ്ണീർത്തട നിയമം ബാധകമാകുന്ന ഭൂമിയിൽ

RDO അനുമതിയില്ലാതെ നിർമ്മാണം അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യുക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി മറുപടി പ്രകാരം 28.11.2024-ലെ ഓർഡർ നമ്പർ RDOTSR/1162/2024-B1 നമ്പറായി തൃശ്ശൂർ സബ് കളക്ടറിൽ നിന്നും ലഭ്യമായ ഉത്തരവ് ഭൂമി തരം മാറ്റിയതുമായി ബന്ധപ്പെട്ട ഉത്തരവായാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. എന്നാൽ നികുതി കെട്ടാത്ത കുളം എന്ന് കൈവശ രേഖകളിൽ സാക്ഷ്യപ്പെടുത്തിയ ടി ഭൂമി ദേവസ്വത്തിന് രജിസ്റ്റർ ചെയ്തു നൽകിയതിന്റെ രേഖ മാത്രമാണ് മുകളിൽ സൂചിപ്പിച്ച ഉത്തരവ്. ടി ഭൂമിക്കു ദേവസ്വം നികുതി അടവാക്കേണ്ടതും ആയതിനു ശേഷം ഭൂമി തരം മാറ്റേണ്ടതുമാണ്. ഡോർമിറ്ററി കം കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുവാൻ അനുമതി നൽകിയ പെർമിറ്റ് രേഖയിലും ആയതിന്റെ കംപ്ലീഷൻ പ്ലാനിലും നികുതി കെട്ടാത്ത കുളം എന്ന ടി ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർ.ഡി.ഒ അനുമതിയില്ലാതെ നിർമ്മാണ അനുമതി നൽകിയത് ക്രമരഹിതമായ നടപടിയാണ്. ആയതിനു വ്യക്തമായ മറുപടി നൽകേണ്ടതും തുടർ നടപടികൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 37 /29.01.25)

**1-25 വിനോദ നികുതിയുടെ കൂടെ അടവാക്കേണ്ട സെസ്സ് ഈടാക്കിയിട്ടില്ല**

കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ്സ് ടാക്സ് (ഭേദഗതി) നിയമം, 2013-ലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന സ്രോതസ്സായ സിനിമ സെസ്സ്, ഒരു സിനിമ ടിക്കറ്റിന്മേൽ മൂന്ന് രൂപ എന്ന നിരക്കിൽ നിലവിൽ ഈടാക്കി വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാസം തോറും സിനിമ തീയേറ്ററുകളിൽ നിന്നും പിരിച്ചെടുക്കുന്ന വിനോദനികുതിയ്ക്കൊപ്പം സിനിമ സെസ്സ് കൂടി പിരിച്ച് അതാത് മാസങ്ങളിൽ തന്നെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് അയക്കുന്ന ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ്. ഇത്തരത്തിൽ സിനിമ സെസ്സ് യഥാസമയം പിരിച്ചെടുത്ത് ക്ഷേമനിധി ബോർഡിന് നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിലേക്കായി, തിയേറ്റർ ലൈസൻസ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് സ.ഉ (സാധാ)നം. 137/2024/LSGD തീയതി 18.01.2024 പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരളത്തിലെ സിനിമ തീയേറ്ററുകൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ സിനിമ സെസ്സ് ഇനത്തിൽ തൊട്ടു മുൻവാർഷിക പാദം വരെ നൽകേണ്ടതായുള്ള തുക അടച്ചു തീർത്തതായുള്ള കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നുള്ള നോ ഡ്യൂ സർട്ടിഫിക്കറ്റ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
ഗുരുവായൂർ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന തീയേറ്ററുകൾക്ക് 2023-24, 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടോ എന്നും ടി തിയേറ്റർ ഉടമ സെസ്സ് അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡിൽ നിന്നും നോ ഡ്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോ എന്നും അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യുക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. തീയേറ്ററുകൾക്ക് ലൈസൻസ് പുതുക്കി നൽകിയതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും സെസ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സ.ഉ(സാധാ)നം. 137/2024/LSGD തീയതി 18.01.2024 ഉത്തരവ് പ്രകാരം കേരളത്തിലെ സിനിമ തീയേറ്ററുകൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ സിനിമ സെസ്സ് ഇനത്തിൽ തൊട്ടു മുൻവാർഷിക പാദം വരെ നൽകേണ്ടതായുള്ള തുക അടച്ചു തീർത്തതായുള്ള കേരള സംസ്ഥാന

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നുള്ള നോ ഡ്യൂ സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കിയിട്ടുണ്ട് എന്ന് നഗരസഭ ഉറപ്പു വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/30.01.25)

## 1-26 ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവുകൾ സമയബന്ധിതമായി മുനിസിപ്പൽ ഫണ്ടിൽ അടവാക്കുന്നില്ല

ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, ഗുരുവായൂർ കിഴക്കേനട ശാഖയിലുള്ള 67268348296 നമ്പർ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. പ്രസ്തുത അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2024 ന് പ്രസ്തുത അക്കൗണ്ടിൽ 5,08,370.20 രൂപയും 21.01.2025 ന് 6,09,007.2 രൂപയും നീക്കിയിരിപ്പുണ്ടായിരുന്നു. നീക്കിയിരിപ്പു തുക മുനിസിപ്പൽ ഫണ്ടിൽ സമയബന്ധിതമായി അടവാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/22.01.2025 ന് ലഭിച്ച മറുപടി പ്രകാരം 6,00,000 രൂപ നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് (കനറാ ബാങ്കിലെ 0838101044794) NEFT വഴി 24.01.2025 ന് മാറ്റുകയും 30.01.2025 ന് R-M080100-24036609 നമ്പർ രസീത് പ്രകാരം നഗരസഭ അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്തിട്ടുണ്ട്. തുടർ വർഷങ്ങളിൽ മേൽ സൂചിപ്പിച്ച വരവിനത്തിലുള്ള നീക്കിയിരിപ്പ് തുക മുനിസിപ്പൽ ഫണ്ടിൽ സമയബന്ധിതമായി അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പൂക്കോട് മൃഗാശുപത്രി അറ്റകുറ്റപ്പണികൾ - ഇരുമ്പ് ഉരുപ്പടികൾ ലേലം ചെയ്യേണ്ടതാണ്

| | |
|---|---|
| പദ്ധതി നമ്പർ | 362/24 (സ്പിൽ ഓവർ) |
| പദ്ധതിയുടെ പേര് | പൂക്കോട് മൃഗാശുപത്രി അറ്റകുറ്റപ്പണിയും വിപുലീകരണവും- വാർഡ് 41 |
| തൻവർഷ അടങ്കൽ | 5,00,000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 4,50,566 |

മേൽ വിശദാംശങ്ങളോടു കൂടിയ പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിലെ ക്രമനമ്പർ 1.003 പ്രകാരം "Dismantling Steel Work (GI Hollow Section) In Built Up Sections In Angles, Tees, Flats And Channels Including ....50 Metres Lead"എന്ന ഇനം ഉൾപ്പെടുത്തിക്കാണുന്നുണ്ട്. ഇതു പ്രകാരം 200 കിലോ ഇരുമ്പ് ഡിസ്മാന്റിൽ ചെയ്യേണ്ടതുണ്ട്. എന്നാൽ, ഈ പ്രവൃത്തിയുടെ 1st & ഫൈനൽ ബിൽ (ക്രമ നമ്പർ 3) പ്രകാരം ഈ പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. എന്നാൽ, 27.01.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ മേൽ സൂചിപ്പിച്ച ഇനം ഡിസ്മാന്റിൽ ചെയ്യാൻ അവശേഷിക്കുന്നതായി കണ്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/28.01.25 ന് ലഭിച്ച മറുപടിയിൽ അഴിച്ചെടുക്കാനുണ്ടായിരുന്ന ഇരുമ്പു ഗോവണി തുരുമ്പെടുത്ത് വീണതിനാൽ ഡിസ്മാന്റിൽ ചെയ്യേണ്ടിവന്നില്ലെന്നും ആയത് ഇപ്പോഴും ആശുപത്രി കോമ്പൗണ്ടിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ, ഇരുമ്പ് ഉരുപ്പടികൾ ലേലം ചെയ്ത് തുക അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 പി.എം.എ.വൈ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയുടെ ഡി.പി.ആർ. രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1,2,3

ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 1 മുതൽ 10വരെയുള്ള ഡി.പി.ആർ.കളിലെ ഗുണഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ. നമ്പർ | ഡിപിആർ ക്രമ നമ്പർ | ഡിവിഷൻ നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനത്ത ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|---|
| 1 | ലീല, അത്തിരിങ്കൽ | 1 | 134 | 22 | 360000 | 31.12.20 |
| 2 | സരസ്വതി പൊന്നരാശ്ശേരി | 1 | 165 | 14 | 150000 | 15.02.19 |
| 3 | കമലാവതി, പയ്യപ്പാട്ട് പാല്വവായ് | 1 | 182 | 9 | 150000 | 13.09.18 |
| 4 | കമല പൊലിയേടത്ത് | 1 | 195 | 43 | 30000 | 18.05.18 |
| 5 | ലീല ചക്കാരത്ത്, കാവീട് | 1 | 229 | 42 | 360000 | 03.06.20 |
| 6 | സുബിൻ പറത്തിൽ | 1 | 233 | 3 | 360000 | 06.11.19 |
| 7 | പ്രഭാവതി കുഴപ്പയിൽ | 1 | 237 | 32 | 360000 | 10.10.19 |
| 8 | നസീമ, പുതുവീട്ടിൽ | 1 | 239 | 10 | 360000 | 30.01.20 |
| 9 | ശങ്കരി, നീലയൂർ | 1 | 250 | 26 | 30000 | 02.04.19 |
| 10 | ലീല, ചന്തുരുത്തിൽ | 1 | 251 | 40 | 360000 | 03.06.20 |
| 11 | സുനിത കാവീട്ടിൽ | 1 | 277 | 4 | 360000 | 30.01.20 |
| 12 | സജിനി ഇരുപ്പശ്ശേരി | 1 | 279 | 42 | 360000 | 13.03.20 |
| 13 | പ്രജീഷ കോവിൽ | 1 | 281 | 30 | 40000 | 05.12.19 |
| 14 | പത്മിനി പെരുമ്പിള്ളിശ്ശേരി | 2 | 30 | 4 | 270000 | 13.09.18 |
| 15 | അനില കൊട്ടരപ്പാട്ട് | 2 | 51 | 2 | 270000 | 15.02.19 |
| 16 | ഹസീന കല്ലിങ്ങൽ ചക്കംകണ്ടം | 2 | 63 | 11 | 360000 | 06.01.21 |
| 17 | ബേബി വടശ്ശേരി | 2 | 66 | 9 | 30000 | 26.06.18 |
| 18 | മണി വട്ടേക്കാട് തമ്പുരാൻപടി | 2 | 71 | 42 | 150000 | 18.12.18 |
| 19 | സുനിത പല്ലാറ | 2 | 84 | 34 | 360000 | 18.09.21 |
| 20 | കമലം വെട്ടിയാറ | 2 | 87 | 21 | 350000 | 28.10.21 |
| 21 | നസിറ നവക്കോട് | 2 | 96 | 11 | 30000 | 26.03.19 |
| 22 | മീനാക്ഷി കൊരണത്ത് | 3 | 39 | 19 | 30000 | 14.06.18 |
| 23 | ബേബി താഴിശ്ശേരി | 3 | 40 | 9 | 360000 | 02.07.20 |
| 24 | വാസു പുന്ന കാരക്കാട് | 3 | 43 | 22 | 360000 | 13.12.22 |
| 25 | രാധ പൂവ്വത്ത് മുതുവട്ടൂർ | 3 | 57 | 22 | 30000 | 05.10.18 |
| 26 | ലില്ലി തലക്കോട്ടൂർ (പുലിക്കോട്ടിൽ) | 3 | 64 | 31 | 360000 | 28.06.19 |
| 27 | ശാരദ മാത്രംക്കോട്ട് | 3 | 102 | 32 | 360000 | 06.01.21 |
| 28 | അയ്യപ്പൻ കളത്തിൽപറമ്പിൽ | 3 | 109 | 40 | 360000 | 03.06.20 |

| | | | | | | |
|---|---|---|---|---|---|---|
| 29 | ലീല പുലിയേടത്ത് | 3 | 113 | 43 | 200000 | 16.06.20 |
| 30 | സതി തറയിൽ | 3 | 114 | 43 | 190000 | 10.08.20 |
| 31 | ആമിനക്കുട്ടി ഐെയ്നിതറയിൽ | 3 | 123 | 2 | 360000 | 13.03.20 |
| 32 | രാധാകൃഷ്ണൻ കരുമത്തിൽ | 3 | 139 | 9 | 360000 | 23.09.21 |
| 33 | രമ അനിരുദ്ധൻ പോഴംകണ്ടത്ത് | 4 | 5 | 34 | 360000 | 21.12.19 |
| 34 | ശശി കെ. എസ്. കോറോത്ത് | 4 | 36 | 7 | 40000 | 18.05.19 |
| 35 | ദിനിത സുധീഷ് പാറത്തിൽ | 4 | 59 | 3 | 360000 | 2.07.20 |
| 36 | പത്മാക്ഷൻ കെ. ബി. കറുത്തേടത്ത് | 4 | 66 | 11 | 360000 | 20.07.19 |
| 37 | സുജിത്ത് പുതുശ്ശേരി തറയിൽ | 4 | 110 | 4 | 360000 | 14.09.20 |
| 38 | ലീല വേലയുധൻ പല്ലാറ | 4 | 112 | 11 | 360000 | 04.06.20 |
| 39 | ഐഷ മേക്കാണ്ടാണത്ത് | 4 | 119 | 43 | 360000 | 02.07.20 |
| 40 | സുജിത രൺദീർ മാക്കാലിക്കൽ | 4 | 122 | 3 | 200000 | 17.02.20 |
| 41 | കുട്ടൻ കൊഴക്കി | 4 | 123 | 3 | 40000 | 18.05.19 |
| 42 | കല കാത്തോളി | 4 | 129 | 4 | 360000 | 15.09.20 |
| 43 | പുഷ്പ പുത്തിയിൽ | 4 | 133 | 43 | 360000 | 02.07.20 |
| 44 | ഗിരിജ അശോകൻ പൂക്കോട്ടിൽ | 4 | 158 | 33 | 360000 | 27.12.22 |
| 45 | ആതിര എ. എം. ആലത്തി | 4 | 159 | 10 | 360000 | 28.10.21 |
| 46 | രാജൻ കുർക്കപറമ്പിൽ | 4 | 167 | 38 | 360000 | 02.11.20 |
| 47 | സുമ സുധാകരൻ തറമ്മൽ | 4 | 169 | 9 | 40000 | 11.06.19 |
| 48 | അശോകൻ കുന്നംപുറത്ത് | 4 | 171 | 15 | 360000 | 24.12.19 |
| 49 | മിനി അമ്പലത്തിങ്കൽ | 4 | 176 | 11 | 360000 | 16.08.21 |
| 50 | നീതു ഷൈജു ഏങ്ങടി | 4 | 183 | 10 | 200000 | 06.11.19 |
| 51 | ശോഭന ഉണ്ണികൃഷ്ണൻ | 4 | 190 | 35 | 360000 | 24.12.19 |
| 52 | വള്ളിയമ്മ കുറുവായിപറമ്പിൽ | 4 | 206 | 43 | 360000 | 10.08.20 |
| 53 | ഷീബ സജീഷ് നരിയംപുള്ളി | 4 | 209 | 2 | 360000 | 10.01.20 |

| | | | | | | |
|---|---|---|---|---|---|---|
| 54 | രജീഷ് കൊട്ടരപ്പാട്ട് | 4 | 212 | 1 | 360000 | 09.07.21 |
| 55 | ലീല കെ. എ. കോറോട്ട് | 4 | 214 | 28 | 360000 | 09.10.20 |
| 56 | സജിനി പള്ളാറ | 4 | 216 | 11 | 360000 | 02.11.20 |
| 57 | ഷീജ കൈപ്പട | 4 | 220 | 33 | 360000 | 13.03.20 |
| 58 | ഗ്രീഷ്മ മണികണ്ഠൻ കാവീട് | 4 | 222 | 41 | 360000 | 24.06.20 |
| 59 | സുമേഷ് പി. എ. പള്ളാറ | 4 | 223 | 10 | 360000 | 09.07.21 |
| 60 | ഭവാനി ബാലൻ വലേങ്ങര | 4 | 228 | 16 | 360000 | 09.10.20 |
| 61 | അഫ്സത്ത് ജലീൽ രായ്മരയ്ക്കാർ | 4 | 229 | 2 | 360000 | 12.06.20 |
| 62 | മണി കൊലാഴിപറമ്പിൽ | 4 | 241 | 35 | 360000 | 14.02.21 |
| 63 | മിനി ഉദയകുമാർ തൈവള്ളപ്പിൽ | 4 | 252 | 4 | 360000 | 06.01.21 |
| 64 | സുജാത ശ്രീനിവാസൻ പാന്തറയിൽ | 4 | 259 | 43 | 360000 | 02.07.20 |
| 65 | ബാലൻ അമ്പലത്തിങ്കൽ | 4 | 260 | 30 | 360000 | 22.09.21 |
| 66 | രാജി ഗോപിനായർ വിളക്കത്തല | 4 | 263 | 7 | 360000 | 03.06.20 |
| 67 | ബിജോയ് പനയ്ക്കൽ | 4 | 264 | 3 | 360000 | 03.06.20 |
| 68 | ശാന്തിനി രാജൻ തരീക്കര | 4 | 265 | 10 | 360000 | 17.04.21 |
| 69 | പ്രജിത അഭിലാഷ് നല്ലേപ്പുള്ളിപറമ്പ് | 4 | 266 | 3 | 360000 | 27.02.21 |
| 70 | ചന്ദ്രിക തുപ്പത്ത് | 4 | 272 | 7 | 360000 | 17.04.21 |
| 71 | അജില ബാബു നല്ലോർപ്പുള്ളി | 4 | 283 | 3 | 360000 | 17.04.21 |
| 72 | എൽബി ഷിജു പെരിങ്ങാട്ട് | 4 | 286 | 2 | 40000 | 08.07.19 |
| 73 | ലത സുബ്രമണ്യൻ കൊഴക്കിയിൽ | 4 | 287 | 34 | 360000 | 25.03.21 |
| 74 | ഷീജ തൈക്കാട്ടിൽ | 4 | 297 | 41 | 360000 | 02.11.20 |
| 75 | രുഗ്മിണി മാമരക്കാട്ട് | 4 | 301 | 9 | 200000 | 13.03.20 |
| 76 | ഹസീന അബ്ദു പുതുവീട്ടിൽ | 4 | 307 | 30 | 360000 | 13.03.20 |
| 77 | നസീമ നാസർ വലിയകത്ത് | 4 | 315 | 10 | 200000 | 09.07.21 |
| 78 | ഹരിത മുക്കിടി | 4 | 317 | 30 | 360000 | 23.09.21 |

| | | | | | | |
|---|---|---|---|---|---|---|
| 79 | വത്സല കന്തസ്വാമി ചക്കംകണ്ടം | 4 | 321 | 11 | 360000 | 04.01.22 |
| 80 | സന്തോഷ് പി. കെ. പൂക്കോട്ടിൽ | 4 | 322 | 33 | 360000 | 13.03.20 |
| 81 | പ്രസന്ന എം. എസ്. കോലംപുറത്ത് | 4 | 325 | 11 | 40000 | 28.05.20 |
| 82 | രാധ ചിറ്റംപുറത്ത് | 4 | 326 | 11 | 40000 | 20.06.19 |
| 83 | ഷബീബ പുതുവീട്ടിൽ | 4 | 328 | 11 | 360000 | 25.01.21 |
| 84 | ഉമ്മുകുൽസു പുതുവീട്ടിൽ | 4 | 330 | 11 | 40000 | 04.09.19 |
| 85 | അമ്മിണി അപ്പുട്ടി കുനംപുറത്ത് | 4 | 337 | 33 | 360000 | 28.10.21 |
| 86 | ഉഷ ഇരുപ്പശ്ശേരി | 4 | 342 | 42 | 360000 | 27.12.22 |
| 87 | ദിവ്യ ബിനീഷ് തൊമ്മിൽ | 4 | 349 | 6 | 40000 | 08.07.19 |
| 88 | ഷെൽബി സുരേഷ് കുർക്കപറമ്പിൽ | 4 | 364 | 2 | 360000 | 31.12.20 |
| 89 | മിനി പുന്നത്തൂർ | 4 | 371 | 30 | 40000 | 04.09.19 |
| 90 | ഇന്ദുലാൽ കുറുവായ്പറമ്പിൽ | 4 | 373 | 43 | 200000 | 13.03.20 |
| 91 | ദീപ തറയിൽ | 4 | 378 | 23 | 360000 | 16.08.21 |
| 92 | ഷിജി കക്കാട്ട് | 4 | 379 | 8 | 360000 | 25.03.21 |
| 93 | വിലാസിനി നരിയംപുള്ളി | 4 | 380 | 2 | 360000 | 01.12.20 |
| 94 | മനില തൈവള്ളപ്പിൽ | 4 | 384 | 4 | 40000 | 03.09.19 |
| 95 | കോമളം പനങ്ങാട്ട് | 4 | 386 | 31 | 360000 | 28.05.21 |
| 96 | ബാലൻ പി. കെ. പാക്കത്ത് വീട് | 4 | 395 | 42 | 40000 | 10.10.19 |
| 97 | സുബ്രമണ്യൻ പി. കെ. പാരത്തി | 4 | 396 | 6 | 360000 | 23.09.21 |
| 98 | ഗീത കാക്കഞ്ചേരി | 4 | 397 | 30 | 360000 | 12.06.20 |
| 99 | തങ്കമോൾ ചങ്ങലംകോടത്ത് | 4 | 399 | 42 | 360000 | 31.12.20 |
| 100 | ഷീന ഉണ്ണികൃഷ്ണൻ തൈയ്യിൽ | 4 | 402 | 21 | 200000 | 28.05.21 |
| 101 | മീനാക്ഷി കാവീട്ടിൽ | 4 | 415 | 42 | 360000 | 27.12.22 |
| 102 | കമല്യ കെ. കെ. കൊഴപ്പാട്ടുവളപ്പിൽ | 4 | 418 | 10 | 360000 | 17.08.21 |
| 103 | അമ്മിണി പള്ളാറ | 4 | 420 | 10 | 360000 | 16.08.21 |
| 104 | തങ്കമണി കുണ്ട് പേരകം | 4 | 421 | 40 | 360000 | 10.08.20 |

| | | | | | | |
|---|---|---|---|---|---|---|
| 105 | സുശീല പോഴംകണ്ടത്ത് | 4 | 422 | 30 | 40000 | 13.03.20 |
| 106 | കുഞ്ഞിമോൾ ഇരുപ്പാശ്ശേരി | 4 | 427 | 42 | 360000 | 28.10.21 |
| 107 | ബിന്ദു ഹരിദാസ് പെരിങ്ങാട്ട് | 4 | 429 | 43 | 360000 | 25.01.21 |
| 108 | ഷൈനി തൈപറമ്പത്ത് | 4 | 434 | 4 | 360000 | 27.12.22 |
| 109 | സ്മിത കാക്കശ്ശേരി | 4 | 439 | 12 | 360000 | 27.12.22 |
| 110 | ജിനി അരീക്കര | 4 | 440 | 8 | 360000 | 04.01.22 |
| 111 | രതീഷ് ചാവക്കാട് | 4 | 382 | 20 | 360000 | 28.10.21 |
| 112 | ഭാരതി മതിലിൽ വീട് | 4 | 441 | 38 | 40000 | 04.01.22 |
| 113 | രവി കൊഴക്കി | 4 | 442 | 16 | 360000 | 27.12.22 |
| 114 | സോഫിയ അറക്കാംതുരുത്തിയിൽ | 4 | 444 | 3 | 40000 | രേഖപ്പെടുത്തിയിട്ടില്ല |
| 115 | ശ്രുതി മണികണ്ഠൻ ഏങ്ങടി | 4 | 445 | 25 | 40000 | 09.07.21 |
| 116 | ലളിത ഇരിങ്ങപ്പുറം | 5 | 1 | 6 | 40000 | 14.02.21 |
| 117 | ശാന്ത കോട്ടപ്പടി | 5 | 5 | 35 | 360000 | 26.08.22 |
| 118 | മാളുകുട്ടി തൈക്കാട് | 5 | 10 | 6 | 40000 | 27.02.21 |
| 119 | സരസ്വതി കോട്ടപ്പടി | 5 | 16 | 37 | 360000 | 28.05.22 |
| 120 | ബാലൻ കോട്ടപ്പടി | 5 | 18 | 35 | 360000 | 04.01.22 |
| 121 | മാലതി തൊഴിയൂർ | 5 | 19 | 1 | 360000 | 28.05.22 |
| 122 | അഖില ഉണ്ണികൃഷ്ണൻ കാവീട് | 5 | 21 | 43 | 40000 | 14.02.21 |
| 123 | ചന്ദ്രിക പിള്ളക്കാട് | 5 | 23 | 2 | 360000 | 13.01.23 |
| 124 | ഷംസുദ്ദീൻ ചക്കംകണ്ടം | 5 | 28 | 11 | 360000 | 31.03.23 |
| 125 | ഓമന കാവീട് | 5 | 35 | 43 | 360000 | 09.07.21 |
| 126 | നളിനി പാലുവായ് | 5 | 40 | 21 | 360000 | 30.03.23 |
| 127 | ഫൈസൽ ചക്കംകണ്ടം | 5 | 41 | 11 | 360000 | 29.09.22 |
| 128 | അഞ്ജു ഇരിങ്ങപ്പുറം | 5 | 47 | 30 | 360000 | 28.10.21 |
| 129 | ഫാത്തിമ പാലുവായ് | 5 | 56 | 10 | 360000 | 23.09.21 |
| 130 | തങ്ക പിള്ളക്കാട് | 5 | 67 | 2 | 360000 | 22.02.22 |
| 131 | നസീറ ഗുരുവായൂർ | 5 | 73 | 19 | 200000 | 07.07.21 |
| 132 | മീനാക്ഷി തൊഴിയൂർ | 5 | 74 | 22 | 360000 | 28.05.22 |
| 133 | സുധീഷ് പിള്ളക്കാട് | 5 | 77 | 2 | 360000 | 13.01.23 |
| 134 | നിഷ കോട്ടപ്പടി | 5 | 82 | 3 | 360000 | 22.12.21 |
| 135 | ചന്ദ്രമതി വൈലത്തൂർ | 5 | 83 | 43 | 200000 | 30.03.23 |
| 136 | അമ്മിണി കാവീട് | 5 | 88 | 43 | 360000 | 28.05.22 |

| | | | | | | |
|---|---|---|---|---|---|---|
| 137 | ബേബി കോട്ടപ്പടി | 5 | 93 | 33 | 360000 | 28.05.22 |
| 138 | ഷീബ പാലുവായ് | 5 | 96 | 21 | 360000 | 31.03.23 |
| 139 | ഖാലിദ് കോട്ടപ്പടി | 5 | 98 | 30 | 360000 | 04.01.22 |
| 140 | സരോജിനി പേരകം | 5 | 99 | 39 | 40000 | 02.04.22 |
| 141 | സുജികുമാർ തൈക്കാട് | 6 | 5 | 25 | 360000 | 30.01.23 |
| 142 | താഹിറ ഇരിങ്ങപ്പുറം | 6 | 13 | 5 | 40000 | 02.03.22 |
| 143 | ഗോപി നെന്മിനി | 6 | 15 | 6 | 40000 | 21.03.22 |
| 144 | ഷൈനി ഇരിങ്ങപ്പുറം | 6 | 17 | 30 | 360000 | 06.02.23 |
| 145 | ബിന്ദു ഇരിങ്ങപ്പുറം | 6 | 19 | 26 | 360000 | 31.03.23 |
| 146 | കണ്ടുണ്ണി തൈക്കാട് | 6 | 23 | 24 | 40000 | തിയതി ഇല്ല |
| 147 | സുനിഷ ചക്കംകണ്ടം | 6 | 25 | 11 | 40000 | 02.03.22 |
| 148 | ദേവൻ ഇരിങ്ങപ്പുറം | 6 | 30 | 4 | 360000 | 27.10.23 |
| 149 | ആമിന തൊഴിയൂർ | 6 | 34 | 1 | 200000 | 30.01.23 |
| 150 | പ്രേമ ലാസർ കാവീട് | 6 | 41 | 43 | 360000 | 06.02.23 |
| 151 | ബുഷറാബി പാലുവായ് | 6 | 47 | 9 | 360000 | 30.03.23 |
| 152 | ലളിത പേരകം | 6 | 53 | 40 | 360000 | 31.03.23 |
| 153 | കല്പന ഇരിങ്ങപ്പുറം | 6 | 54 | 30 | 40000 | 02.03.22 |
| 154 | വിജയലക്ഷ്മി തൊഴിയൂർ | 6 | 61 | 2 | 360000 | 06.02.23 |
| 155 | ശ്രീഷ്മ ഇരിങ്ങപ്പുറം | 6 | 63 | 30 | 360000 | 30.03.23 |
| 156 | അംബിക കോട്ടപ്പടി | 6 | 67 | 37 | 40000 | തിയതി ഇല്ല |
| 157 | കല്യാണി കാവീട് | 6 | 76 | 43 | 360000 | 02.02.23 |
| 158 | ശ്രീജ ഇരിങ്ങപ്പുറം | 6 | 78 | 30 | 200000 | 30.03.23 |
| 159 | ശാന്തിനി പ്രസാദ് ഇരിങ്ങപ്പുറം | 6 | 87 | 26 | 360000 | 30.03.23 |
| 160 | റീന തിരുവെങ്കിടം | 6 | 91 | 27 | 40000 | 21.03.22 |
| 161 | ലീല ഇരിങ്ങപ്പുറം | 6 | 94 | 36 | 360000 | 30.03.23 |
| 162 | ദിവ്യ താമരയൂർ | 6 | 97 | 38 | 40000 | 21.03.22 |
| 163 | ഫെമീഷ് ഇരിങ്ങപ്പുറം | 6 | 98 | 30 | 40000 | 21.03.22 |
| 164 | ഷെമീന കോട്ടപ്പടി | 6 | 99 | 3 | 360000 | 03.02.23 |
| 165 | ശോഭ പുത്തംപല്ലി | 6 | 101 | 31 | 360000 | 30.03.23 |
| 166 | കമലാക്ഷി തൈക്കാട് | 6 | 102 | 24 | 360000 | 02.02.23 |
| 167 | സിമി ബെന്നി കോട്ടപ്പടി | 6 | 104 | 37 | 360000 | 30.01.23 |
| 168 | മീനാക്ഷി പിള്ളക്കാട് | 6 | 111 | 2 | 360000 | 30.03.23 |
| 169 | ബിനീഷ് ചക്കംകണ്ടം | 6 | 113 | 20 | 40000 | 26.04.22 |
| 170 | മിനി കോട്ടപ്പടി | 6 | 119 | 34 | 360000 | 31.03.23 |
| 171 | അജിത കാവീട് | 6 | 120 | 43 | 360000 | 30.01.23 |
| 172 | പത്മിനി തൊഴിയൂർ | 6 | 125 | 2 | 200000 | 31.03.23 |
| 173 | ഭാർഗ്ഗവി തൊഴിയൂർ | 6 | 130 | 2 | 40000 | 02.04.22 |

| | | | | | | |
|---|---|---|---|---|---|---|
| 174 | ഗീത കാവീട് | 6 | 134 | 43 | 360000 | 31.03.23 |
| 175 | മിനി താമരയൂർ | 6 | 135 | 38 | 360000 | 31.03.23 |
| 176 | സനിലൻ കോട്ടപ്പടി | 6 | 137 | 3 | 360000 | 03.02.23 |
| 177 | ടൈജി പേരകം | 6 | 148 | 40 | 360000 | 30.03.23 |
| 178 | സാവിത്രി ഇരിങ്ങപ്പുറം | 6 | 150 | 26 | 360000 | 30.03.23 |
| 179 | ഷാനിറ പേരകം | 6 | 152 | 40 | 40000 | 02.04.22 |
| 180 | ബിന്ദു രാജൻ പാലുവായ് | 6 | 154 | 21 | 40000 | 26.03.22 |
| 181 | റിൻഷ പേരകം | 6 | 155 | 40 | 40000 | 02.04.22 |
| 182 | സുഹറ കോട്ടപ്പടി | 6 | 157 | 32 | 40000 | 02.04.22 |
| 183 | കാസിം പാലുവായ് | 6 | 158 | 10 | 40000 | 21.03.22 |
| 184 | അമ്മിണി കോട്ടപ്പടി | 6 | 165 | 3 | 40000 | 26.03.22 |
| 185 | ഹസീന പേരകം | 6 | 170 | 43 | 40000 | 02.04.22 |
| 186 | ബിന്ദു വാഴപ്പുള്ളി | 6 | 177 | 40 | 360000 | 30.03.23 |
| 187 | ലീല പൊലിയേടത്ത് | 6 | 178 | 14 | 40000 | 26.03.22 |
| 188 | ദിവ്യ പേരകം | 6 | 192 | 40 | 40000 | 28.06.22 |
| 189 | ശ്രീനിവാസൻ പാലുവായ് | 6 | 195 | 21 | 40000 | 01.09.22 |
| 190 | ബിന്ദു പേരകം | 6 | 197 | 40 | 40000 | 23.03.23 |
| 191 | വിപികുമാർ എടപ്പുള്ളി | 6 | 202 | 13 | 40000 | 04.03.23 |
| 192 | ദേവയാനി ബ്രഹ്മകുളം | 7 | 5 | 7 | 200000 | 30.03.23 |
| 193 | അശ്വതി പുത്തംപല്ലി | 7 | 19 | 31 | 40000 | 20.01.23 |
| 193 | ശേഖരൻ ചക്കംകണ്ടം | 7 | 21 | 21 | 40000 | 20.01.23 |
| 194 | അജിത ഇരിങ്ങപ്പുറം | 7 | 22 | 30 | 40000 | 20.01.23 |
| 195 | സന്തോഷ് കപ്പിയൂർ | 7 | 25 | 42 | 40000 | 20.01.23 |
| 196 | സരസ്വതി ഇരിങ്ങപ്പുറം | 7 | 28 | 4 | 40000 | 20.01.23 |
| 197 | രജനി പാലുവായ് | 7 | 39 | 8 | 40000 | 11.02.23 |
| 198 | രമണി കാവീട് | 7 | 56 | 41 | 40000 | 12.04.23. |
| 199 | റഹ്മത്ത് പിള്ളക്കാട് | 8 | 4 | 2 | 40000 | 02.03.23 |
| 200 | ദേവദാസൻ നെന്മിനി | 8 | 9 | 21 | 40000 | 20.03.23 |
| 201 | മണി കാവീട് | 8 | 43 | 41 | 40000 | 22.02.23 |
| 202 | ജമീല പാലുവായ് | 8 | 52 | 9 | 40000 | 04.03.23 |
| 203 | സരോജിനി കോട്ടപ്പടി | 8 | 91 | 33 | 40000 | 20.03.23 |
| 204 | അജിത കോട്ടപ്പടി | 8 | 98 | 30 | 40000 | 12.04.23 |
| 205 | പ്രിയ കണ്ടംകുളം | 8 | 113 | 4 | 40000 | 26.05.23 |

മേൽ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മീനാക്ഷി കൊരണത്ത് (ക്രമ നം. 22), എൽബി ഷിജു (ക്രമ നം. 72), ബാലൻ പി.കെ (ക്രമ നം. 96), ഭാരതി മതിലിൽ (ക്രമ നം. 112), ഫെമിഷ് ഇരിങ്ങപ്പുറം (ക്രമ നം. 163), കാസിം പാലുവായ്

(183), ശ്രീനിവാസൻ പാലുവായ് (189) എന്നീ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ പദ്ധതിയിൽ നിന്ന് ഒഴിവായി പോകുന്നതിന് അപേക്ഷ നൽകുകയും എന്നാൽ നാളിതുവരെയായി തുക തിരിച്ചടച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കളെ നേരിട്ടും ഫോൺ മുഖേനയും ബന്ധപ്പെട്ട് തുക എത്രയും വേഗം തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ബാക്കി ഗുണഭോക്താക്കളെ നേരിൽ കണ്ട് പദ്ധതി പൂർത്തീകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നതിന് വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ക്യാമ്പ് സംഘടിപ്പിച്ചുവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 12/27.01.25)

## 1-29 ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ/ തീയതി | തുക (₹) |
|---|---|---|---|
| 1/24 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം | 22301125/ 16.08.2023 | 3,00,000 |

ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 13/27.01.2025)

## 1-30 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അതത് മാസം അടവാക്കേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ വൗച്ചറുകളുടെയും കാഷ്ബുക്കിന്റെയും പരിശോധനയിൽ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (4/25.01.25) മറുപടിയായി നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്നതിനനുസരിച്ച്, നഗരസഭ സെക്രട്ടറിമാരുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭാ സെക്രട്ടറി മുനിസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് യഥാസമയം അടവാക്കേണ്ടതാണ്.

## 1-31 ലീഗൽ ചാർജ്ജസ്-സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

നഗരസഭയിൽ തൻവർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസ് നൽകിയ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കേസ് ഫയൽ ചെയ്യുന്ന

കോടതിയുടെ പേര്, അഡ്വക്കേറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ഫീസ് നൽകിയതിൽ നിന്ന് ഈടാക്കിയ ആദായ നികുതി വിവരങ്ങൾ, തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-32 വെള്ളക്കരം-സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം

നഗരസഭയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ 2023-24 വർഷത്തെ വെള്ളക്കരമിനത്തിൽ തൻമാസ ഡിമാന്റും, കുടിശ്ശികയും, പിഴയും സഹിതം 15,402,335 രൂപയുടെ ഡിമാന്റ് (ബിൽ നമ്പർ 91912 തീയതി 04.01.2025) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. ഇത്രയും വലിയ തുകക്കുള്ള ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 6 തീയതി 25.01.2025) ലഭ്യമാക്കിയ മറുപടി പ്രകാരം 09.04.2024-ന് നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗക്ഷമമായി കണ്ടെത്തിയത് 188 ടാപ്പുകൾ മാത്രമാണെന്നും കൗൺസിൽ തീരുമാനപ്രകാരം വെള്ളക്കരം 188 ടാപ്പുകൾക്ക് മാത്രമായി നിജപ്പെടുത്തി, തുക പുനർനിർണ്ണയിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും യാതൊരു അനുകൂല നടപടിയും ഉണ്ടായില്ലായെന്നും സംയുക്ത പരിശോധനക്ക് മുൻപുണ്ടായിരുന്ന ടാപ്പുകളുടെ (238 എണ്ണം) ഡിമാന്റ് കുടിശ്ശിക സഹിതം ഇപ്പോഴും ലഭിക്കുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെയുള്ള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസുകൾ പ്രകാരം ടാപ്പൊന്നിന് 8692 രൂപയാണ് വെള്ളക്കരമായി പ്രതിവർഷം ഈടാക്കി വന്നിരുന്നതെങ്കിൽ 02/23 മുതൽ വെള്ളക്കരം ടാപ്പൊന്നിന് 21,838 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായ 50 ടാപ്പുകൾക്ക് 1,091,900 രൂപയുടെ അധികചെലവ് തനത് ഫണ്ടിൽ നിന്ന് വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പ്രവർത്തനരഹിതമായതും ആവശ്യമല്ലാത്തതുമായ പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിയെ അടിയന്തിരമായി സമീപിക്കേണ്ടതും അനുകൂലമായ നടപടികൾക്ക് താമസം നേരിടുന്ന പക്ഷം ജലവകുപ്പിലെ ഉന്നതാധികാരികളുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 വാഹനപരിപാലനം അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46.എക്സ് 2320, കെ.എൽ-46-വി-6033-ബൊലറോ ജീപ്പുകൾ, 46-ബി 6853 ട്രാക്ടർ, കെ.എൽ 46-എൻ-5603 പിക്ക് അപ്പ് വാൻ, എന്നിവയുടെ ലോഗ് ബുക്ക് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിലെ കാർബൺ കോപ്പി വേർപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) ഇന്ധനം നിറയ്ക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല.

3) ഇന്ധനക്ഷമതാ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, ആയതിനാൽ അത് പ്രകാരമുള്ള ഇന്ധനക്ഷമത വാഹനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നമ്പർ 41/2008/

ധനം സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

5) 1994 ലെ കേരള മുനിസിപ്പാലിറ്റി (വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, 2000-ലെ ചട്ടം 4(2) പ്രകാരം വാഹനങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധവർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല.

വാഹന പരിപാലനം സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

കെ.എൽ 46-ആർ-4645-ഇന്നോവ കാർ, കെ.എൽ 46-യു-2526, കെ.എൽ 46-യു-2561, കെ.എൽ 46-യു-2530 മഹീന്ദ്ര മാക്സി ട്രക്കുകൾ, കെ.എൽ.46ജെ-2523, കെ.എൽ.46എഫ്-7539, കെ.എൽ.46 എഫ്-7505, കെ.എൽ.46എഫ്-7577, ട്രാക്ടറുകൾ, കെ.എൽ.46 എക്സ്-2770, കെ.എൽ.46 ഡബ്ള്യ-5643, കെ.എൽ.46 വൈ-3471, എന്നിവയുടെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിശോധനക്കായി ഹാജരാക്കിയില്ല.

വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 ഗുരുവായൂർ ദേവസ്വം മാലിന്യ ശേഖരണ ഫീസിനത്തിലും അംശദായമിനത്തിലും വൻതുക അടവാക്കാൻ അവശേഷിക്കുന്നു

(ഫയൽ നമ്പർ - H1-3215/2006)

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 333 പ്രകാരം ഒരു മുൻസിപ്പൽ പ്രദേശത്തോ അതിന്റെ പരിസരങ്ങളിലോ സ്ഥിതി ചെയ്യുകയും, വർഷം മുഴുവനുമോ പ്രത്യേക സന്ദർഭങ്ങളിലോ വലിയ ജനക്കൂട്ടത്തെ അത് ആകർഷിക്കുകയും ചെയ്യുന്ന പക്ഷം പൊതുജനാരോഗ്യത്തിനോ പൊതുരക്ഷക്കോ സൗകര്യത്തിനോ ആവശ്യമായ സ്ഥിരമോ, താല്കാലികമോ ആയ പ്രത്യേക ഏർപ്പാടുകൾ മുൻസിപ്പാലിറ്റി ചെയ്യേണ്ടതും, ആ പ്രദേശത്തിനു മേൽ നിയന്ത്രണമുള്ള ട്രസ്റ്റിയോടോ, മറ്റെതെങ്കിലും ആളോടോ സർക്കാർ ആ മുൻസിപ്പാലിറ്റിയുടെ നിധിയിലേയ്ക്ക് നിശ്ചയിക്കുന്ന അങ്ങനെയുള്ള ആവർത്തകമോ, അനാവർത്തകമോ ആയ അംശദായം നല്കുന്നതിന് ആവശ്യപ്പെടാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് എംഎസ് 914/HLD തീയതി 06.12.1965 ഉത്തരവ് പ്രകാരം ഗുരുവായൂർ ദേവസ്വത്തിലേക്ക് പ്രയോജനപ്പെടും വിധം ഗുരുവായൂർ നഗരസഭ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾക്കായുള്ള ആവർത്തന ചെലവ് തുകയുടെ 50% ഉം, മൂലധനചെലവ് തുകയുടെ 33.33% അംശദായമായി നല്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.
സെക്രട്ടറിയുടെ 24.05.2023 തിയതിയിലെ H1-3215/06 നമ്പർ കത്ത് പ്രകാരം ഗുരുവായൂർ ദേവസ്വം താഴെ പറയും പ്രകാരം അംശദായമിനത്തിലും മാലിന്യ ശേഖരണ ഫീസിനത്തിലും തുക അടവാക്കേണ്ടതാണെന്ന് അറിയിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | മാലിന്യ ശേഖരണ ഫീസ് (ഇല മാലിന്യത്തിന് കി.ഗ്രാമിന് 10 രൂപ നിരക്കിൽ) | സ്വീപ്പിംഗ് ചാർജ്ജ് | ശുചീകരണ ഉപകരണങ്ങൾ, വസ്തുക്കൾ | ശബരിമല ഏകാദശി സീസണിൽ ഫസ്റ്റ് എയ്ഡ് ബൂത്ത് | ആകെ |
|---|---|---|---|---|---|---|
| 1 | 2019-20 | 3098412 | 2092800 | 118200 | 0 | 5309412 |
| 2 | 2020-21 | 165231 | 2092800 | 118200 | 0 | 2376231 |
| 3 | 2021-22 | 1168232 | 2092800 | 118200 | 240400 | 3619632 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 2022-23 | 3275715 | 2092800 | 118200 | 251450 | 5738165 |
| 5 | 2023-24 | 3704005 | 2964800 | 397947 | 0 | 7066752 |
| | ആകെ | 11411595 | 11336000 | 870747 | 491850 | 24110192 |

മേൽ കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 39/29.01.25) ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2023-24 വർഷം വരെ മാലിന്യ ശേഖര ഫീസ് ഇനത്തിൽ കുടിശ്ശികയുള്ള 24110192 രൂപയിൽ 27.06.2023-ന് ലഭ്യമായ 4000000 രൂപ കിഴിച്ച് ബാക്കി 20110192 രൂപ ലഭിക്കാനുണ്ട് എന്നറിയിച്ചിട്ടുണ്ട് കുടിശ്ശിക ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ലൈബ്രറിയുടെ പ്രവർത്തനം വിപുലപ്പെടുത്തണം

ഗുരുവായൂർ നഗരസഭയിൽ പ്രവർത്തിക്കുന്ന 2025 വർഷത്തിൽ 50 വർഷം പൂർത്തിയാക്കിയ ലൈബ്രറിയിൽ നിലവിൽ എ.ബി.സി ലൈഫ് ക്ലാസുകളിലായി 1481 അംഗങ്ങളും, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ ഭാഷകളിലായി 21818 പുസ്തകങ്ങളുമാണുള്ളത്.

| ക്ലാസ്സ് | അംഗത്വ ഫീസ് | മാസവരി |
|---|---|---|
| എ ക്ലാസ്സ് | 500 രൂപ | 6 രൂപ |
| ബി ക്ലാസ്സ് | 200 രൂപ | 2 രൂപ |
| സി ക്ലാസ്സ് | 100 രൂപ | 2 രൂപ |
| ലൈഫ് ക്ലാസ്സ് | 5000 രൂപ | ഇല്ല |

2023-24 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗ്രാന്റ് തുകയായ 21820 രൂപയുടെ പുസ്തകങ്ങൾ മാത്രമേ പുതുതായി വാങ്ങിയിട്ടുള്ളൂ. 05.05.2023-ലെ ജി.ഒ(പി)നം.02/2023/ എസ്.പി.ഡി. ഉത്തരവ് പ്രകാരം ലൈബ്രറികളിലേക്കുള്ള പുസ്തകങ്ങളും, പീരിയോഡിക്കലുകളും വാങ്ങുന്നതിന് മൽസരാധിഷ്ഠിത ടെണ്ടർ/ക്വട്ടേഷൻ ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിലും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കൂടുതൽ പുസ്തകങ്ങൾ വാങ്ങിയിട്ടില്ലാത്തതാണ്. കൂടാതെ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ലൈബ്രറി കൗൺസിൽ ഗ്രാന്റ് 113400 രൂപ, തനത് ഫണ്ട് 22110 രൂപ, ആകെ 135510 രൂപ ഉപയോഗിച്ച് കേവലം 807 പുസ്തകങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. പുസ്തകവായനയെ പ്രോൽസാഹിപ്പിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം നടപ്പാക്കിയ പുസ്തക ചർച്ച, പുസ്തക പ്രദർശനം, വിദ്യാർത്ഥികളുടെ ലൈബ്രറി സന്ദർശനം, കഥാരചന, കവിതാരചന, ക്വിസ് മൽസരം, അടികുറിപ്പ് തയ്യാറാക്കൽ, പുസ്തക ദിനാചരണങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ കൂടുതൽ വിപുലമായി ഈ വർഷവും സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ അംഗങ്ങളെ കണ്ടെത്തുന്നതിനായി വാർഡ് സഭകളിൽ ബോധവൽക്കരണം നടത്തണം. ഫീസിൽ കാലാനുസൃതമായ വർദ്ധനവ് നടത്തുന്നതിന് ആലോചിക്കാവുന്നതാണ്. നഗരസഭയിലെ വസ്തുനികുതി അടവുകൾക്ക് ലൈബ്രറി സെസ്സ് ഇനത്തിൽ തുക ഈടാക്കി വരുന്ന സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗ്രാന്റ് തുകക്ക് പുറമെ മേലുത്തരവിന് വിധേയമായി കൂടുതൽ പുസ്തകങ്ങൾ വായനക്കാർക്കായി വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 കോവിഡ് പരിരക്ഷാ ഉപകരണങ്ങളുടെ പുനരുപയോഗം-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 17/3/23 തീയ്യതിയിലെ സർക്കുലർ നമ്പർ 93/ഡി.സി-1/2023 പ്രകാരം കോവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള മെഡിക്കൽ ഉപകരണങ്ങളിൽ ഉപയോഗയോഗ്യമായതിന്റേയും, ഉപയോഗശൂന്യമായതിന്റേയും കണക്ക് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ/നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശേഖരിച്ച്

സൂക്ഷിക്കേണ്ടതും ആയതിൽ ഉപയോഗയോഗ്യമായവ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ ആരോഗ്യ സ്ഥാപനത്തിന് നൽകേണ്ടതും, പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നവ പ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (7/25.1.2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. കോവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി വാങ്ങിയിട്ടുള്ള മെഡിക്കൽ ഉപകരണങ്ങളിൽ ഉപയോഗിച്ചത്, ഉപയോഗയോഗ്യമായത്, ഉപയോഗശൂന്യമായത് എന്നിവയുടെ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 റോഡ് കണക്ടിവിറ്റി മാപ്പിംഗ്, ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ-പ്രവൃത്തി പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പിലെ 28.10.2022-ലെ DUA/3392/2022-DC4 നമ്പർ സർക്കുലർ പ്രകാരം ആസ്തി രജിസ്റ്റർ - റോഡ് കണക്ടിവിറ്റി മാപ്പിംഗ് പ്രവൃത്തികൾ 30.11.2022ന് മുൻപായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.11.2022 ലെ DB3/753/2013/CE/LID & EW നമ്പർ സർക്കുലർ പ്രകാരവും ആസ്തി രജിസ്റ്റർ - റോഡ് കണക്ടിവിറ്റി മാപ്പിംഗ് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്, തുടർന്ന്, ചീഫ് എഞ്ചിനീയറുടെ 26.06.2023 ലെ സർക്കുലർ പ്രകാരം പ്രവൃത്തികൾ 31.10.2023 ന് മുൻപായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകി. DB3/753/2013/CE/LID & EW തീയതി 10.11.22 നമ്പർ സർക്കുലർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) അനുവദിക്കുന്നതിന് 'ആർ ട്രാക്കി'ലെ വിവരങ്ങൾ അടിസ്ഥാനമാക്കുന്നതാണ്. ആയതിനാൽ, ടി പ്രവൃത്തികൾ ഗുരുവായൂർ നഗരസഭയിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ 8/25.01.2025 നൽകിയെങ്കിലും പ്രൊജക്ട് നമ്പർ 553/24 (ഗുരുവായൂർ നഗരസഭ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ) പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന മറുപടി മാത്രമാണ് ലഭിച്ചത്. വിശദാംശങ്ങളൊന്നും ലഭ്യമാക്കുകയുണ്ടായില്ല. സുലേഖ ചെലവുപത്രിക പ്രകാരം ടി പദ്ധതിക്കായി 5,00,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിച്ചു കാണുന്നില്ല. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-38 നഗര സഭയുടെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഫയൽ നമ്പർ - E4- 14291/20

പ്രോജക്റ്റ് - 482/24 നഗര സഭയുടെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുൻസിപ്പൽ എഞ്ചിനീയർ

അടങ്കൽ- 5500000

ചെലവ് -3500000

ഫണ്ട്- നഗര സഞ്ചയ

വൗച്ചർ നമ്പർ -49/08.02.2024

ചെക്ക് നമ്പർ -711384/08.02.2024

നഗരസഭയുടെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിക്കായി നഗര സഞ്ചയ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന മേൽ ബഹുവർഷ പ്രോജക്ടിന്റെ ആദ്യഘട്ടത്തിൽ 3500000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. (കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും, നഗരസഭ സെക്രട്ടറിയും തമ്മിൽ

03.02.2024ൽ ചമച്ച കരാറിലെ, വ്യവസ്ഥ ആറ് പ്രകാരം പ്രവൃത്തി 31.12.2024 ന് പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല – പ്രോജക്ടുമായി ബന്ധപ്പെട്ട 3500000 രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല (അപാകതകൾ ഖണ്ഡിക 1-1-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). (ഓഡിറ്റ് എൻക്വയറി നം.24/27.01.2025)

## 1-39 കരാർ വെച്ച പ്രവൃത്തി ആരംഭിച്ചിട്ടില്ല-തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, ഫയൽ എന്നിവയുടെ പരിശോധനയിൽ ടെണ്ടർ വിളിച്ച് കരാർ വെച്ച ചുവടെ ചേർക്കുന്ന പ്രവൃത്തി ഓഡിറ്റ് കാലയളവിലും ആരംഭിച്ചിട്ടില്ല എന്നു കാണുന്നു. കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ സ്ഥലം അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഏറ്റെടുക്കേണ്ടതാണ്. (PWD മാന്വൽ 2102.1). വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | E1-20004/22 |
| പ്രവൃത്തി | ഐനിക്കൽ റോഡ് കോൺക്രീറ്റിംഗ് |
| പ്രോജക്ട് | 329/24 (സ്പിൽ ഓവർ) |
| അടങ്കൽ | 200000 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ഭരണാനുമതി | 12/17-5-22 |
| സാങ്കേതികാനുമതി | LSGD/CELSGD/EST TS/50435/2022 511/10.11.2022 |
| കരാർ | 108/22-23//6/2/2023 |
| പിഎസി | 185780 |
| പൂർത്തീകരണ കാലാവധി | 7 മാസം |
| കരാറുകാരൻ | മോഹനൻ ഇ. എൻ |

Letter Of Acceptance Clause-9 പ്രകാരം സൈറ്റ് കൈമാറിയ തീയതി മുതൽ 7 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർ കാലാവധി കഴിഞ്ഞിട്ടും കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാതിരുന്നാൽ KPWD Manual ഖണ്ഡിക 2116.1 പ്രകാരം Compensation For Delay/ Liquidated Damages ഇനത്തിൽ കരാർ തുകയുടെ 0.1%/Week നിരക്കിൽ പരമാവധി 10% വരെ നഷ്ടപരിഹാര തുക ഈടാക്കുന്നതിനും, KPWD Manual ഖണ്ഡിക 2116.2 (I) പ്രകാരം കരാർ റദ്ദാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിച്ച വിവരം ഫയലിൽ ലഭ്യമല്ല. സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 36/29.01.2025)

## 1-40 അഗതി മന്ദിരം നിർമ്മാണം-പ്രവൃത്തി പൂർത്തീകരിച്ച് ഉപയോഗക്ഷമമാക്കേണ്ടതാണ്

ഫയൽ നമ്പർ -E5 -20765/22

സംസ്ഥാനത്തെ നഗരസഭകൾ വഴി കുടുംബശ്രീ നിർവ്വഹണം ചെയ്തു വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷന്റെ നഗര ദരിദ്രർക്കുള്ള പാർപ്പിട പദ്ധതി പ്രകാരം, ഭവന രഹിതരായ നഗര നിവാസികൾക്ക് അവശ്യ സേവനങ്ങളോടു കൂടിയ സ്ഥിരമായ പാർപ്പിടം വിഭാവനം ചെയ്യുന്നു. പ്രസ്തുത പദ്ധതി പ്രകാരം നിലവിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനോ, നവീകരിക്കുന്നതിനോ ധനസഹായം ലഭിക്കുന്നതാണ്. ഗുരുവായൂർ നഗരസഭ നവീകരണം നടത്താൻ ഉദ്ദേശിക്കുന്ന അഗതി മന്ദിരത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക്, (സംസ്ഥാന ദാരിദ്ര നിർമാർജന സെൽ) സമർപ്പിച്ചു. 27.6.2022-ലെ 6-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ച ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടിൽ സിവിൽ വർക്കുകൾക്കായി 5725000, എക്യുപ്മെന്റ്സ് 165000, ഓപ്പറേഷൻസ് & മെയിന്റൻസ് 3000000 (600000 X 5 വർഷം) എന്ന വിധത്തിലാണ് ഫണ്ടുകൾ വകയിരുത്തിയിരുന്നത്.

ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ച് 5/12/2022 12909/F/2022/KSHO ഉത്തരവു പ്രകാരം ഭരണാനുമതി നൽകി.

| അടങ്കൽ തുക | NULM വിഹിതം | നഗരസഭ വിഹിതം | ഓപ്പറേഷൻസ് & മെയിന്റൻസ് കോസ്റ്റ് |
|---|---|---|---|
| 5900000 | 5000000 | 900000 | 3000000 (600000 X 5 Year) |

ടി ഉത്തരവിൽ പദ്ധതിയുടെ സാങ്കേതികാനുമതി ഒരു മാസത്തിനുള്ളിൽ നേടേണ്ടതും, പദ്ധതി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

28.12.2022 തീയതിയിലെ 6-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2023 മാർച്ചിൽ NULM പ്രവർത്തനങ്ങൾ അവസാനിക്കുന്നതിനാൽ പ്രവൃത്തിയുടെ നിർവ്വഹണം നേരിട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏല്പിക്കാൻ തീരുമാനിച്ചതായും ഫയൽ പരിശോധിച്ചതിൽ കാണുന്നു.

<u>പ്രവൃത്തി - വിശദാംശങ്ങൾ</u>

| | |
|---|---|
| ഭരണാനുമതി | 5/12/2022 12909/F/2022/KSHO |
| സാങ്കേതികാനുമതി | LSGD/CELSGD/EST-TS/668/2023/511/15.2.23 |
| കരാറുകാരൻ | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| പൂർത്തീകരണ കാലാവധി | 5 മാസം |
| എസ്റ്റിമേറ്റഡ് പിഎസി | 4978638.77 |
| കരാർ | 4/2023-24/12-4-23 |
| പിഎസി | 4978639 |
| വർക്ക് ഓർഡർ | 12.4.23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മുൻസിപ്പൽ എഞ്ചിനീയർ |

കുടുംബശ്രീ മിഷനിൽ നിന്ന് നാളിതുവരെ ചുവടെ ചേർക്കുന്നതുപ്രകാരം ഫണ്ട് ലഭ്യമായിട്ടുണ്ട്.

| തുക | ഉത്തരവ് നമ്പർ |
|---|---|
| 2000000 | 12909/F/2022/KSHO/13.12.23 |
| 2323820 | 12909/F/2022/KSHO/16.4.24 |

എന്നാൽ ഫയൽ പരിശോധിച്ചതിൽ മൊബിലൈസേഷൻ അഡ്വാൻസ് (പിഎസി യുടെ 20% ; 4978639 ന്റെ 20% 995727 രൂപ) മാത്രമാണ് നാളിതുവരെ കരാർ സ്ഥാപനമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ളത്. (വൗച്ചർ നമ്പർ-113/18.1.24)

5.12.2022-ലെ ഭരണാനുമതി ഉത്തരവിൽ പദ്ധതിയുടെ സാങ്കേതികാനുമതി ഒരു മാസത്തിനുള്ളിൽ നേടേണ്ടതും, പദ്ധതി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്. 12.04.2023-ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സൈറ്റ് ഹാന്റ് ഓവർ ചെയ്തു. സാങ്കേതിക അനുമതി ഉത്തരവു പ്രകാരം പൂർത്തീകരണ കാലാവധി അഞ്ച് മാസമാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായിക്കാണുന്നില്ല.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 06.04.2024-ൽ നഗര സഭ സെക്രട്ടറിക്കു നൽകിയ കത്തിൽ സൈറ്റ് ഹാന്റ് ഓവർ ചെയ്തത് 12.04.2023 ന് ആണ് എന്നും, ആയതുപ്രകാരം അഞ്ചു മാസ കാലാവധിയോടുകൂടിയ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 11.09.2023 ലാണെങ്കിലും, കരാറിലേർപ്പെട്ട് ഏറെക്കഴിഞ്ഞ് 07.02.2024-ൽ ആണ് അഗതി മന്ദിരത്തിലെ അന്തേവാസികളെ മാറ്റി പാർപ്പിച്ച് പ്രവൃത്തി ആരംഭിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സൈറ്റ് കണ്ടീഷൻ അനുസരിച്ചും, അധികൃതരുടെ നിർദ്ദേശ പ്രകാരവും, അംഗീകൃത എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് അധിക പ്രവൃത്തികൾ നിർവ്വഹിക്കാൻ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത മാറ്റങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അനുമതി ലഭിച്ചതിനുശേഷം മാത്രമേ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കൂ എന്നും അറിയിച്ചിട്ടുണ്ട്.

കേരള പൊതുമരാമത്ത് മാന്വൽ 2012-ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PAC യുടെ 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി, സൈറ്റുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് 06.04.2024-ൽ മാത്രമാണ് നഗരസഭ സെക്രട്ടറിക്കു കത്ത്നൽകിയിരിക്കുന്നത്. (സൈറ്റ് ഹാന്റ് ഓവർ ചെയ്തത് 12.04.2023-ന് ആണ്) പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകാനായി, കരാറുകാരൻ അപേക്ഷ നൽകുകയോ, ഭരണസമിതി തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.

നിർവ്വഹണ ഏജൻസിക്ക് പ്രവൃത്തി ആരംഭിക്കാൻ പര്യാപ്തമായ രീതിയിൽ സൈറ്റ് കൈമാറി നൽകാത്തത് നഗരസഭയുടെ വീഴ്ചയാണ്. ഫൈനൽ ബിൽ ലഭ്യമാകുന്ന മുറക്ക്, ഇക്കാര്യങ്ങൾ പരിശോധിച്ച് കേരള പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഭരണാനുമതി ലഭ്യമായതിന്റെ വിവരങ്ങൾ, പ്രവൃത്തി പൂർത്തീകരിക്കാനുണ്ടായ സാങ്കേതിക തടസ്സങ്ങൾ, പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്നിവ സഹിതം വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/31.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അഗതി മന്ദിര നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-41 അമൃത് പദ്ധതി-സർക്കാർ ഉത്തരവനുസരിച്ച് വികസനഫണ്ടിൽ നിന്നും തുക**

തിരിച്ചടവാക്കുന്നില്ല

സ.ഉ.(സാധാ)നം.745/2018/ത.സ്വ.ഭ.വ തീയതി 20/03/2018 ഉത്തരവ് പ്രകാരം അമൃത് പദ്ധതിയ്ക്കായി (AMRUT- Atal Mission For Rejuvenation And Urban Transformation) സർക്കാർ അനുവദിച്ച ₹254.36 കോടി രൂപ മുതലും 7.5% കൂട്ടുപലിശയും ചേർത്ത് തുല്യ ഗഡുക്കളായി ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളുടെ വികസനഫണ്ടിൽ നിന്നും 2018-19 സാമ്പത്തിക വർഷം മുതൽ തിരിച്ചടവാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ വികസനഫണ്ടിന്റെ ഓരോ ഗഡുക്കളിൽ നിന്നും അമൃത് പദ്ധതിയ്ക്കായി അനുവദിച്ച തുക മുതലും 7.5% കൂട്ടുപലിശയും ചേർത്ത് തിരിച്ചടവാക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെ മേൽ ഇനത്തിൽ സർക്കാരിലേക്ക് തുക അടവാക്കിയിട്ടില്ല. 2023-24 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും 10788192 രൂപ തിരിച്ചടവാക്കുന്നതിനായി ബിൽ സബ്മിറ്റ് ചെയ്തെങ്കിലും ആയത് ട്രഷറിയിൽ പാസാക്കിയില്ലെന്നും 2024-25 വർഷം വാർഷിക പദ്ധതിയിൽ തുക വകയിരുത്തി ടി തുക തിരിച്ചടവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/ 27.01.2025) മറുപടി നൽകിയിട്ടുണ്ട്. മേൽ വിഷയത്തിൽ തുടർ നടപടി കൈക്കൊണ്ട് വിവരം അറിയിക്കേണ്ടതാണ്.

## 1-42 മൾട്ടി ലെവൽ കാർ പാർക്കിംഗ് ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ-E5 11435/18

ഗുരുവായൂർ നഗരസഭ അമൃത് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച പ്രധാന പ്രൊജക്ടുകളിലൊന്നാണ് മൾട്ടി ലെവൽ കാർ പാർക്കിങ്ങ്. 35 കോടി രൂപ ചെലവഴിച്ച് 12984 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ ആറ് നിലകളിലായി (ജി+5) നിർമ്മിച്ചിട്ടുള്ള മൾട്ടി ലെവൽ കാർ പാർക്കിംഗിൽ (MLCP) 362 കാറുകൾ, 9 ബസുകൾ, 38 മിനി ബസുകൾ, 48 ബൈക്കുകൾ എന്നിവ പാർക്ക് ചെയ്യാനുള്ള സൗകര്യമുണ്ട്. മൾട്ടി ലെവൽ കാർ പാർക്കിങ്ങിന്റെ അഗ്നിശമന/സുരക്ഷ പ്രവൃത്തികൾ, സൗരോർജ്ജം ഉപയോഗിക്കുന്നതിനായുള്ള പ്രവൃത്തികൾ എന്നിവ ഒഴിച്ചുള്ളവ പൂർത്തിയാക്കി 2022 മേയ് മാസത്തിൽ ഉദ്ഘാടനം നിർവ്വഹിച്ച് 01/12/2022 ന് പാർക്കിംഗിന് തുറന്ന് കൊടുത്തിട്ടുള്ളതാണ്. 29.12.2022-ലെ 21-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം മൾട്ടി ലെവൽ കാർ പാർക്കിങ് സമുച്ചയത്തിൽ ട്രയൽ റൺ നടത്തുന്നതിനായി PHILSA Tech Solutions LLP, പൂത്തോൾ എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതും മേൽ സ്ഥാപനം 01.12.2022-ലെ 81/22-23 നമ്പർ കരാർ ഉടമ്പടി വെച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ട്രയൽ റൺ കാലയളവിൽ പാർക്കിംഗിലൂടെ ലഭിക്കുന്ന മുഴുവൻ വരുമാനവും നഗരസഭ എടുക്കുകയും ജോലിക്കാരുടെ വേതനം നഗരസഭ തന്നെ നൽകുകയും ചെയ്യുമെന്ന വ്യവസ്ഥയിലാണ് നടത്തിപ്പ് ഏൽപ്പിച്ച് നൽകിയത്. ടി കാലയളവിലെ വരവ് 210490 രൂപയും ചെലവ് 358149 രൂപയുമായിരുന്നു. വരവിനേക്കാൾ കൂടുതൽ ചെലവ് വന്നതിനാൽ കാർ പാർക്കിംഗിന്റെ നടത്തിപ്പ് 23.01.2023 മുതൽ നഗരസഭ നേരിട്ട് നടത്തുന്നതിന് തീരുമാനിച്ചു. 24.03.2023-ലെ 3-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം MLCP യുടെ നടത്തിപ്പ് ട്രയൽ റൺ എന്ന നിലയിൽ സർക്കാർ അനുമതിക്ക് (18.03.2023 ലെ R3/E5/11435/18നമ്പർ കത്ത് പ്രകാരം മേൽ വിഷയങ്ങൾ ബഹു. കോർഡിനേഷൻ സമിതിയുടെ പരിഗണനക്ക് അയക്കുന്നതിന് കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് സഹിതം പ്രിൻസിപ്പൽ സെക്രട്ടറിക്ക് സാധൂകരണത്തിനായി അയച്ചിരുന്നു) വിധേയമായി 01.04.2023 മുതൽ മൂന്ന് മാസത്തേക്ക് സൗജന്യമായി NULM ന് കീഴിലുള്ള CLC ക്ക് (കുടുംബശ്രീ അംഗങ്ങൾക്ക്) നടത്തിപ്പിനായി നൽകുന്നതിന് നിശ്ചയിച്ചു. 04/2023 മുതൽ 03/2024 വരെയുള്ള നടത്തിപ്പിൽ പല മാസങ്ങളിലും നഷ്ടത്തിലാണ് പ്രവർത്തിച്ചത്. തുടർന്ന് 21.02.2024-ലെ 25-ാം നമ്പർ തീരുമാനപ്രകാരം ശ്രീ. രാമയ്യ, ഒമേഗ എന്റർപ്രൈസസ്, മുംബൈ എന്ന സ്ഥാപനം സമർപ്പിച്ച 5751000 രൂപയുടെ ഏക ടെണ്ടർ അംഗീകരിക്കുകയും ആദ്യ ഗഡുവായ 1917000 രൂപ

അടവാക്കി 01/04/2024 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എന്നാൽ സ്ഥാപനത്തിന് MLCP നടത്തിപ്പിൽ നഷ്ടം സംഭവിച്ചതിനാൽ 03.05.2024 ന് ടെണ്ടറിൽ നിന്ന് ഒഴിവാക്കാൻ അപേക്ഷിച്ചു. ആയത് പരിഗണിച്ച് 21.05.24 ലെ 5-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 30.06.2024 അർദ്ധരാത്രി മുതൽ സ്ഥാപനത്തിനെ നടത്തിപ്പിൽ നിന്നും ഒഴിവാക്കി തുടർന്നുള്ള നടത്തിപ്പ് കുടുംബശ്രീയെ (CLC) ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ നിലവിലും MLCP നഷ്ടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.




വർഷങ്ങളായി തുടരുന്ന ഗുരുവായൂരിലെ പാർക്കിംഗ് പ്രതിസന്ധിക്ക് പരിഹാരമെന്ന നിലയിലാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി മൾട്ടി ലെവൽ കാർ പാർക്കിംഗ് പൂർത്തീകരിച്ചത്. എന്നാൽ 35 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച MLCP ലാഭകരമാക്കുന്നതിനുള്ള നടപടികളൊന്നും തന്നെ നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. സീസൺ സമയത്ത് Inner Ring, Outer Ring റോഡുകളിൽ ധാരാളം വാഹനങ്ങൾ പാർക്ക് ചെയ്ത് ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നത് പതിവാണ്. ഗുരുവായൂർ ക്ഷേത്രത്തിന് ഏകദേശം 800 മീറ്റർ മാത്രം ദൂരത്തിൽ സ്ഥിതി ചെയ്യുന്ന മൾട്ടി ലെവൽ കാർ പാർക്കിംഗിനെ കുറിച്ച് പൊതുജനങ്ങളെ അറിയിക്കാനുതകുന്ന 'Sign Board' കളൊന്നും തന്നെ സ്ഥാപിച്ചിട്ടില്ല. MLCP യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. Inner Ring, Outer Ring റോഡുകളിലെ പാർക്കിംഗ് കർശനമായി നിരോധിക്കുക.

2. ഗുരുവായൂർ ക്ഷേത്രത്തിലേക്ക് പ്രവേശിക്കുന്ന പ്രധാന റോഡുകളിൽ 'Sign Board' സ്ഥാപിക്കുക.

3. MLCP യിൽ ഒഴിഞ്ഞു കിടക്കുന്ന ഭാഗങ്ങൾ സംരംഭപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

മൾട്ടി ലെവൽ കാർ പാർക്കിംഗ് ഉപയോഗപ്രദമാക്കുന്നതിനും ആയത് വഴി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃത്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-43 അമൃത് പദ്ധതി അവലോകനം

2015-16 വർഷം ആരംഭിച്ച അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

അമൃത് പദ്ധതി ഒന്നാം ഘട്ടം

അമൃത് ഒന്നാം ഘട്ടത്തിൽ ആരംഭിച്ച അയ്യപ്പൻകുളം നവീകരണം പ്രവൃത്തി അതിർത്തി തർക്കം മൂലം നാളിതുവരെ ആരംഭിച്ചിട്ടില്ല. കോട്ടപ്പടി പള്ളിച്ചിറ, മിച്ചഭൂമി കുളം നവീകരണം എന്നിവയുടെ നടപ്പാത നിർമ്മാണം നടന്ന് വരുന്നു. അമൃത് ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്ത മറ്റ് പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ചാവക്കാട് ഹൈസ്കൂൾ ഗ്രൗണ്ട് ടർഫ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയതിന്റെ പ്രവർത്തന മാർഗ്ഗരേഖയും തയ്യാറായിട്ടില്ല.

അമൃത് പദ്ധതി രണ്ടാം ഘട്ടം

അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 65.543 കോടി രൂപയുടെ പ്രോജക്റ്റുകൾ വിഭാവനം ചെയ്തിട്ടുണ്ട്. താഴെ പറയുന്ന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായാണ് പ്രോജക്റ്റുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

1. ജലവിതരണം : കരുവന്നൂർ പ്രോജക്റ്റിന്റെ തുടർച്ചയായി വീടുകളിലേക്ക് ഹൗസ് കണക്ഷൻ നൽകൽ (പ്രോജക്റ്റ് കോസ്റ്റ് 25.733കോടി).ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ 24 മണിക്കൂർ ജലവിതരണം (പ്രോജക്റ്റ് കോസ്റ്റ് 10.50 കോടി)

2. ജലസ്രോതസുകളുടെ പുനരുജീവനം-കാജാ കുളം(വാർഡ് 28), ചെമ്പ്രം തോട്, ചോലയിൽ സൂര്യൻ കുളം, ചോലയിൽ കുളം, ഞാറം കുളം എന്നീ കുളങ്ങളുടെ പുനരുജീവനം. (പ്രോജക്റ്റ് കോസ്റ്റ് 3.94കോടി)

3. പാർക്ക് പ്രോജക്റ്റ് - ഹാപ്പിനസ് പാർക്ക്-ചാമുണ്ഡേശ്വരി അമ്പലം റോഡ്, ഹാപ്പിനസ് പാർക്ക് - കാരക്കാട് (പ്രോജക്റ്റ് കോസ്റ്റ് 0.22കോടി)

4. മലിന ജലവും, സെപ്റ്റേജ് മാനേജ്മെന്റും - ഗുരുവായൂർ സിവറേജ് & സെപ്റ്റേജ് സ്കീം (പ്രോജക്റ്റ് കോസ്റ്റ് 25.15 കോടി)

2023-24 വർഷം അമൃത് പ്രോജക്ടുകൾക്കായി ആകെ 119471303 രൂപ ചെലവായിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ പ്രവൃത്തികളൊന്നും നിലവിൽ ആരംഭിച്ചിട്ടില്ല. രണ്ടാം ഘട്ട പ്രവത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-44 മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂർ-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - 190000 രൂപ തടസ്സപ്പെടുത്തുന്നു

ഫയൽ - H1/4793/23

ചെലവ് - 430,000/- വൗച്ചർ നമ്പർ - 22301226/11.10.2023

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗുരുവായൂർ നഗരസഭയിലെ 43 വാർഡുകളിൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വാർഡ് ഒന്നിന് 10,000 രൂപ വീതം മേൽ വൗച്ചർ പ്രകാരം വാർഡ് തല സാനിറ്റേഷൻ കമ്മറ്റികൾക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ 24 വാർഡുകളിലെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമായത്. വാർഡ് 5, 7, 9, 10, 11, 12, 13, 14, 15, 16, 17, 18, 20, 22, 25, 26, 27, 28, 31 എന്നീ 19 വാർഡുകളിലെ ചെലവ് വൗച്ചറുകൾ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 41/29.01.25) നൽകിയതിനെ തുടർന്നാണ് ഏതാനും വാർഡുകളിലെ ചെലവ് വൗച്ചറുകൾ ഹാജരാക്കിയത്. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ മേൽപറഞ്ഞ 19 വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മേൽ വാർഡുകൾക്ക് അനുവദിച്ച തുക 190000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-45 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര ചെലവുകൾക്കായി പ്രത്യേക സാഹചര്യത്തിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം എത്രയും വേഗം ക്രമീകരിക്കേണ്ടതാണ്. അഡ്വാൻസ് വാങ്ങിയ തുക 3 മാസത്തിനകം ക്രമീകരിച്ചിട്ടില്ലെങ്കിൽ അനുവദിച്ച അഡ്വാൻസ് തുക മുഴുവൻ ഒറ്റ ഗഡുവായി 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ക്രമീകരിക്കാത്ത മുൻകൂർ തുകകൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി ആയോ റവന്യൂ റിക്കവറി നടപടികളിലൂടെയോ ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ധനകാര്യവകുപ്പിന്റെ 23.10.2019 ലെ 87/2019/ധന നമ്പർ സർക്കുലർ പ്രകാരം

മേൽ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

നഗരസഭയുടെ 2023-24 കാലയളവിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | ചെക്ക് നമ്പർ/ തിയ്യതി | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | തുക (₹) |
|---|---|---|---|---|---|
| 1 | E4-9500/22 | 794614/10.04.23 | റിജേഷ് എം. ഡി. JHI | KL46F7505 വാഹനത്തിന്റെ ഫിറ്റ്നസ് ടെസ്റ്റ് നടത്തുന്നതിന് | 18000 |
| 2 | E4-3084/23 | 794645/19.04.23 | ഹേമന്ദ് PWO 3rd | പുതിയ ആംബുലൻസിന് GPS, രജിസ്ട്രേഷൻ, ഫിറ്റ്നസ് | 9000 |
| 3 | G5-6623/23 | 794678/08.05.23 | ഷാജു എ. വി, HI 1st | സർക്കാരിന്റെ രണ്ടാം വാർഷിക ത്തോട് അനുബന്ധിച്ചുള്ള ഘോഷയാത്ര നടത്തിപ്പ് | 50000 |
| 4 | E1-2357/23 | 795024/22.05.23 | അനുരാഗ് ടി. എസ് PWO 2nd | മുനിസിപ്പൽ എഞ്ചിനീയറുടെ ക്വാർട്ടേഴ്സ് അറ്റകുറ്റപണി | 6000 |
| 5 | H1-8114/23 | 795034/29.05.23 | കണ്ണൻ HI Grade2 | 'മേരി ലൈഫ് മേരാ ശഹർ' എന്ന ക്യാമ്പയിനുമായി ബന്ധപ്പെട്ട് | 5000 |
| 6 | H1-4588/23 | 794763/03.06.23 | ഷാജു.എ.വി, HI 1s | ഹരിതസഭ നടത്തുന്നതിന് | 30000 |
| 7 | R3-8007/23 | 794778/13.06.23 | മനോജ്കുമാർ കെ.ആർ, RO | അനധികൃത സ്തൂപങ്ങളും കൊടിമരങ്ങളും നീക്കം ചെയ്യുന്നതിന് | 6000 |
| 8 | PKD/ A2/382-2004 | 130532/11.07.2023 | രമണി സി. കെ, HM കാരയൂർ GLPS | വിദ്യാർത്ഥികൾക്ക് കുട, എൻഡോവ്മെന്റ് | 40000 |
| 9 | H1-12711/23 | 130578/04.08.23 | സുജിത് കുമാർ JHI | പ്രവേശന കവാടത്തിലേക്ക് ചവിട്ടികൾ വാങ്ങുന്നതിന് | 3000 |
| 10 | E4(H2)/11266/19 | 463626/07.09.23 | റിജേഷ് എം. ഡി. JHI | KL46W5603 എന്ന വാഹനത്തിന്റെ അറ്റകുറ്റപണിക്ക് | 49814 |
| 11 | E4-11110/22 | 463586/06.10.23 | റിജേഷ് എം. ഡി. JHI | നഗരസഭ വാഹനങ്ങളുടെ ഇൻഷുറൻസ് തുക പുതുക്കുന്നതിന് | 80305 |
| 12 | G5-17450/22 | 171946/16.10.23 | കണ്ണൻ വി. കെ. HI Grade2 | 23-24 കേരളോത്സവം നടത്തിപ്പിന് | 200000 |

| | | | | | |
|---|---|---|---|---|---|
| 13 | H1-710/19 | 171960/20.10.23 | സുജിത്കുമാർ JHI | ഹരിതവിദ്യാലയം ശില്പശാല നടത്തിപ്പിന് | 30000 |
| 14 | E4-16616/19 | 183198/02.11.23 | റിജേഷ് എം. ഡി. JHI | ബൊലേറോ വാഹനത്തിന്റെ വാറന്റി പുതുക്കുന്നതിന് | 18053 |
| 15 | E4-13006/17 | 591302/13.11.23 | ദിനേഷ്, PWO 3rd | Innova Crysta വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കുന്നത് | 18127 |
| 16 | E1-13362/18 | 591302/13.11.23 | സുനിൽ എം. എസ്, റെവന്യൂ സൂപ്രണ്ട് | റെയിൽവേ മേൽപാലം ഉദ്ഘാടനത്തോടനുബന്ധിച്ച ചെലവ് | 200000 |
| 17 | PKD/ H2/18122/22 | 223220/22.11.23 | നിസാർ, SPHI | പൂക്കോട് ആയുർവ്വേദ ഡിസ്പൻസറിയുടെ അപകടാവസ്ഥയിലുള്ള മരം മുറിക്കൽ | 12000 |
| 18 | ലഭ്യമല്ല | 223224/24.11.23 | ചെയർമാൻ, ഗുരുവായൂർ നഗരസഭ | ബഹു. ചെയർമാന് അനുവദിച്ച മുൻകൂർ | 50000 |
| 19 | E4(H2)11266/19 | 223229/29.11.23 | റിജേഷ് എം. ഡി. JHI | ഹെൽത്ത് സ്ക്വാഡ് വാഹനം റിപ്പയർ | 4000 |
| 20 | PKD/ H1/1255/22 | 223260/06.12.23 | നിസാർ, PHI | അങ്കണവാടിക്ക് ഭീഷണിയായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് | 4500 |
| 21 | PKD/ H1/2626/23 | 711301/26.12.23 | നിസാർ, PHI | അങ്കണവാടിക്ക് ഭീഷണിയായ തെങ്ങ് മുറിച്ച് മാറ്റുന്നതിന് | 3000 |
| 22 | H1-21874/23 | 711302/26.12.23 | രാഖി രഘുനാഥ്, PHI | മാലിന്യസംസ്കരണവും നഗരഭരണവും പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ചെലവ് | 10000 |
| 23 | G5-14278/21 | 711320/08.01.24 | ചെയർമാൻ, ഗുരുവായൂർ നഗരസഭ | സ്വച്ഛ്സർവേഷൻ അവാർഡ് ചടങ്ങിൽ പങ്കടുക്കുന്നതിന് | 50000 |
| 24 | E4-11110/22 | 711339/17.01.24 | നജ്മ എൻ.എച്ച്, PHI | ട്രാക്ടറിന്റെ ഇൻഷുറൻസ് തുക അടവാക്കുന്നതിന് | 8500 |
| 25 | H1-4793/22 | 711362/03.02.24 | സുബിൻ കെ. ബി, PHI | മമ്മിയൂർ വെൽനസ് സെന്ററിന്റെ ഉദ്ഘാടനം | 25000 |
| 26 | H1-4793/22 | 711362/03.02.24 | രശ്മി കെ. സി, PHI | പഞ്ചാരമുക്ക് വെൽനസ് സെന്ററിന്റെ ഉദ്ഘാടനം | 25000 |
| 27 | G5-497/23 | 404361/24.02.24 | സുധാദേവി, കൗൺസിൽ ക്ലർക്ക് | സ്വരാജ് ട്രോഫി- അനുമോദനം | 75000 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/28.01.2025) മറുപടി ലഭ്യമാക്കിയില്ല. സമയപരിധി കഴിഞ്ഞിട്ടും ക്രമീകരിക്കാത്ത മുൻകൂർ നൽകിയ തുകകൾ പലിശസഹിതം ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-46 കറവ പശുക്കൾക്ക് കാലിത്തീറ്റ-കുടുംബശ്രീ മുഖേന വിതരണം നടത്തി**

പ്രൊജക്റ്റ് നമ്പർ 33/24 ക്ഷീര സാഗര - കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം

അടങ്കൽ തുക : 852500

ചെലവ് : 500500

വൗച്ചർ നമ്പർ 22302171 തീയതി 25.01.24 തുക - 332640

22302139 തീയതി 25.01.24 തുക - 167860

സ.ഉ. (കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3.16 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയാണ് ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യേണ്ടത്. എന്നാൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മേൽ പ്രോജക്റ്റിൽ തൈക്കാട് സോണലിലെ ഗുണഭോക്താക്കൾക്ക് കുടുംബശ്രീ മുഖേനയാണ് കാലിത്തീറ്റ വിതരണം ചെയ്തിട്ടുള്ളത്. ഗുരുവായൂർ നഗരസഭയുടെ ഒന്നാം വാർഡിലെ തൊഴിയൂർ എന്ന സ്ഥലത്താണ് ക്ഷീര സഹകരണസംഘം സ്ഥിതി ചെയ്യുന്നതെന്നും തൈക്കാട് സോണലിൽ നിന്നും മേൽ ക്ഷീരസഹകരണസംഘത്തിലെത്തി കാലിത്തീറ്റ കൈപ്പറ്റാനുള്ള ബുദ്ധിമുട്ട് പരിഗണിച്ചാണ് തൈക്കാട് സോണലിൽ തന്നെയുള്ള സരിഗ കുടുംബശ്രീ മുഖേന കാലിത്തീറ്റ വിതരണം ചെയ്തതെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം. 23/27.01.2025) മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീ മുഖേന കാലിത്തീറ്റ വിതരണം നടത്തുന്നതിന് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടില്ല. ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കാത്ത മേഖലകളിൽ കുടുംബശ്രീ മുഖേന കാലിത്തീറ്റ വിതരണം നടത്തുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-47 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല - 22000 രൂപ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ - 24/24-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായവും ബത്തയും

അടങ്കൽ – 2104000

ചെലവ് – 1468900

ഫണ്ട് – വികസന ഫണ്ട് (ജനറൽ)

വൗച്ചർ നമ്പർ, തുക - 22302183/24.1.24, 397700

മേൽ വൗച്ചർ പ്രകാരം സ്കോളർഷിപ്പ് അനുവദിച്ച താഴെ ചേർക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം | അനുവദിച്ച സ്കോളർഷിപ്പ് തുക |
|---|---|---|---|
| 1 | മുസ്തഫ ആർ. എ. | IT കേരള കമ്പ്യൂട്ടർ എഡ്യൂക്കേഷൻ, കുന്നംകുളം | 11000 |
| 2 | സാന്ദ്ര ജോയ് | മേരിമാതാ കോളേജ്, | 11000 |

| | | | |
|---|---|---|---|
| | | ഗുരുവായൂർ | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.18/27.1.25) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ സ്കോളർഷിപ്പ് തുകയായ 22000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 സെൻട്രൽ ഷെയറിന്റെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ - 15/24-അനുപൂരക പോഷകാഹാരം

അടങ്കൽ - 6500000 (വികസനഫണ്ട്-4500000, കേന്ദ്രാവിഷ്കൃത ഫണ്ട്-2000000)

ചെലവ് - 4034227

മേൽ പ്രോജക്റ്റ് പ്രകാരം മാവേലി സ്റ്റോറിന് അനുവദിച്ച താഴെ ചേർക്കുന്ന സെൻട്രൽ ഷെയർ തുകകൾ 2023-24 വർഷത്തെ സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് വന്നിട്ടില്ല.

| ക്രമ നമ്പർ | സാംഖ്യ ബിൽ സാങ്ഷൻ നമ്പർ | തുക |
|---|---|---|
| 1 | 440/29.1.24 | 274643 |
| 2 | 439/29.1.24 | 305951 |
| 3 | 540/5.3.24 | 24944 |

സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് വരാത്തതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ കാനറാ ബാങ്ക് അക്കൗണ്ടിൽ നിന്നും (838101044794) ക്രമ നമ്പർ 1, 2 തുകകൾ പിൻവലിച്ചിരിക്കുന്നത് 14.06.2024 നും ക്രമ നമ്പർ 3 തുക പിൻവലിച്ചിരിക്കുന്നത് 22.04.2024 നുമാണ്. മേൽ തുകകൾക്കുള്ള ചെക്ക് 2023-24 വർഷം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മേൽ പ്രോജക്റ്റ് 2024-25 വർഷം സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/27.1.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-49 പഠനമുറി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

പ്രോജക്റ്റ് നമ്പർ - 264/24 (SO) - എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി

മേൽ സ്പിൽ ഓവർ പ്രോജക്റ്റിൽ ഉൾപ്പെട്ട ജഗൻഷ ഷാജി എന്ന വിദ്യാർത്ഥിയുടെ പഠനമുറി നാളിതുവരെയായിട്ടും പൂർത്തീകരിച്ചിട്ടില്ല. 2022-23 വർഷത്തിലെ പ്രോജക്റ്റ് പ്രകാരം 07.02.2023 തിയ്യതിയിൽ 50000 രൂപയും 24.03.2023 തിയ്യതിയിൽ 75000 രൂപയും നൽകിയിരുന്നു. എന്നാൽ 2023-24 വർഷത്തിലെ സ്പിൽ ഓവർ പ്രോജക്റ്റിൽ പണി പൂർത്തീകരിക്കുകയോ തുക നൽകുകയോ ചെയ്തിട്ടില്ല. ആയതിന്റെ കാരണവും പണി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.19/27.01.2025) മറുപടിയിൽ പഠനമുറി പൂർത്തീകരിക്കാനായി നിരവധി തവണ പ്രൊമോട്ടർമാർ മുഖാന്തിരവും ഓഫീസിൽ നിന്ന് നേരിട്ടും നിർദ്ദേശം നൽകിയെങ്കിലും ആശുപത്രി ചെലവുകൾ വരുന്നതിനാലാണ് പഠനമുറി പൂർത്തീകരിക്കാത്തതെന്നാണ് ഗുണഭോക്താവിന്റെ മറുപടി എന്നാണ് അറിയിച്ചിട്ടുള്ളത്. പഠനമുറി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-50 പട്ടികജാതി വികസന ഓഫീസിലേക്ക് സ്റ്റേഷനറി വാങ്ങിയതിലെ അപാകങ്ങൾ

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

പ്രോജക്ട് നമ്പർ - 531/24-പട്ടികജാതി വികസന ഓഫീസിലേക്ക് റിക്കറിംഗ് എക്സ്പെൻഡീച്ചർ

ഫണ്ട് - വികസനഫണ്ട്

ചെലവ് - 15000

വൗച്ചർ നമ്പർ - 22302106/5.3.24

പട്ടികജാതി ഓഫീസിലേക്ക് സ്റ്റേഷനറി വാങ്ങിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

(1) കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ സ്റ്റേഷനറി, കൺസ്യൂമബിൾസ്, പോസ്റ്റേജ് മുതലായ ചെലവുകൾക്ക് നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കണമെന്ന് മാർഗ്ഗരേഖ, സ.ഉ.(കൈ)നം.90/2023/എൽ.എസ്.ജി.ഡി, തിയ്യതി 09.04.2023 പ്രകാരമുണ്ടെങ്കിലും വികസനഫണ്ട് ഉപയോഗിച്ചാണ് ചെലവ് നടത്തിയിട്ടുള്ളത്

(2) മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയ സ്റ്റേഷനറി സാധനങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.19/27.1.25) മറുപടിയിൽ നോൺറോഡ് മെയിന്റനൻസ് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് വികസനഫണ്ട് അനുവദിച്ചതെന്നും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

